# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി .വി.എം.ജി.പി.5/1820/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി .വി.എം.ജി.പി.5/1820/2023 തീയ്യതി: 27/12/2023

## തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 24-11-2023 | 02-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-11-2023 | 02-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി വി.എസ് നായർ (ഓഡിറ്റ് ഓഫീസർ)

ശ്രീ.ജോസ്.ഡബ്ല്യു (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ശ്രീമതി വെർജിൻ ഷീജ(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ശ്രീമതി പ്രീതാ ജാസ്മിൻ.ഡി.ആർ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പന്ത ശ്രീകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി മീര എൻ മേനോൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അജോഷ് തമ്പി | മെഡിക്കൽ ഓഫീസർ,പി.എഫ്..സി | 01-04-2022 | 31-03-2023 |
| ഡോ ഫക്രുദ്ദീൻ | മെഡിക്കൽ ഓഫീസർ.ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ സരിത | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.രമ്യ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലക്ഷ്മി എസ്. നായർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷിൻസി. എൻ.ഐ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ചന്ദ്രകുമാർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.നിഷ വത്സലൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.സമ്പത്ത് മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -എ -സർക്കിൾ | 01-04-2022 | 31-03-2023 |
| ഡോ അനിഷാ റാണി | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2022 | 23-04-2022 |
| ഡോ. ദിവ്യ കെ പി | മെഡിക്കൽ ഓഫീസർ.ഹോമിയോ | 24-04-2022 | 24-04-2022 |
| ഡോ. രമ്യ ആർ.എസ് | മെഡിക്കൽ ഓഫീസർ.ഹോമിയോ | 25-04-2022 | 01-05-2022 |
| ഡോ. ഷംന .ബി.എൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 02-05-2022 | 31-03-2023 |
| ശ്രീ. രതീഷ് .ആർ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 (ബി സർക്കിൾ) | 01-04-2022 | 16-08-2022 |
| ശ്രീമതി സജീഷ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 (ബി സർക്കിൾ) | 16-08-2022 | 31-03-2023 |
| ശ്രീ. രതീഷ് .ആർ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 (എ സർക്കിൾ) | 01-04-2022 | 16-08-2022 |
| ശ്രീമതി സജീഷ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 (എ സർക്കിൾ) | 16-08-2022 | 05-01-2023 |
| ശ്രീ. സമ്പത്ത് മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ സർക്കിൾ) | 06-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ധനകാര്യ പത്രികയിലെ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | പ്രതിമാസ സമ്മറി പത്രികകൾ തയ്യാറാക്കുന്നില്ല. | 1-1-2 |
| 4 | Cash Flow Statement ലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ബാങ്ക് അക്കൗണ്ടുകൾ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-4 |
| 6 | തൊഴിൽ നികുതി - തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വാർദ്ധക്യകാല പെൻഷൻ വരവും വിതരണവും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | Contractor's Retention തുക - രജിസ്റ്ററും ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ലോൺ - രജിസ്റ്ററും ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | നിക്ഷേപ പ്രവർത്തികൾ | 1-1-9 |
| 11 | സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല. | 1-1-10 |
| 12 | വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. | 1-1-11 |
| 13 | Cheque Deposited But Not Cleared ഇനത്തിൽ അവശേഷിക്കുന്ന തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-1-12 |
| 14 | ഫിക്സ്ഡ് അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ബഡ്ജറ്റ് | 1-2 |
| 16 | സാമ്പത്തിക അവലോകനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി ആസൂത്രണം | 1-5 |
| 19 | ക്ഷേമ പദ്ധതികൾ | 1-6 |
| 20 | പെൻഷൻ തിരിച്ചടവ് - സർക്കാർ ഫണ്ടിലേക്ക് ഒടുക്കുവരുത്തുന്നില്ല | 1-6-1 |
| 21 | റബർ സബ്സിഡി കൈപ്പറ്റുന്ന പെൻഷൻ ഗുണഭോക്താക്കൾ– അനർഹമായ കാലയളവിൽ സാമൂഹ്യസുരക്ഷാപെൻഷനും കൈപ്പറ്റുന്നു. | 1-6-2 |
| 22 | ക്യാഷ് ബാലൻസ്-പരിശോധന | 1-7 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | നെയ്യാർഡാം വാർഡിലെ വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക - രൂ.226454/- | 1-11 |
| 27 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല- അവശേഷിക്കുന്ന തുക രൂ.31260/- | 1-12 |
| 28 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-വിവിധ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞ് കിട്ടാനുള്ള തുക രൂ.26250/- | 1-13 |
| 29 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല | 1-14 |
| 30 | തടി ലേലം- രൂ.98100/- യുടെ വരവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-15 |
| 31 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലെ കാര്യക്ഷമത – വിശകലനം | 1-16 |
| 32 | കൃഷി ഓഫീസിലേക്ക് ഫർണീച്ചർ - അധികമായി തുക നല്കിയിരിക്കുന്നു. | 1-17 |
| 33 | ഹരിതഭവനം പദ്ധതി - പരമാവധി സബ്സിഡിയിൽ അധികരിച്ച് നല്കിയ 2900/- രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 34 | ഭവനനിർമ്മാണം പൂർത്തീയാക്കിയിട്ടില്ല. | 1-19 |
| 35 | ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും - ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-20 |
| 36 | കരാർ വെച്ചിട്ടുണ്ടെങ്കിലും ആദ്യ ഗഡു കൈപ്പറ്റുകയോ ഭവന നിർമ്മാണം ആരംഭിക്കുകയോ | 1-21 |

| | | |
|---|---|---|
| | ചെയ്തിട്ടില്ല. | |
| 37 | ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല | 1-22 |
| 38 | അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ– പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-23 |
| 39 | പാഥേയം പദ്ധതി - അധികം തുക ചെലവഴിക്കുന്നു. | 1-24 |
| 40 | ഹരിത കർമ്മ സേന – രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. | 1-25 |
| 41 | ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല – 269307/- രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 42 | സ്ത്രീ പദവി പഠനം പെണ്ണടയാളങ്ങൾ - തുടർ പ്രവർത്തനവിവരം അറിയിക്കേണ്ടതാണ് | 1-27 |
| 43 | ചെലവ് രേഖകൾ ഹാജരാക്കിയില്ല -345489 രൂപ തടസ്സപ്പെടുത്തുന്നു. | 1-28 |
| 44 | ആർദ്രം അമൃതം-അർബുദ രോഗ നിർണ്ണയ പദ്ധതി 20000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 45 | തദ്ദേശഭരണ സ്ഥാപനതല കായിക പരിശീലനം-ചെലവ് തുക-120000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |
| 46 | ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസാഹായം- മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല-72000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 47 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-764005രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |
| 48 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. | 1-33 |
| 49 | പദ്ധതി നടത്തിപ്പിലെ അപാകതകൾ -23700/- രൂപ തടസ്സപ്പെടുത്തുന്നു. | 1-34 |
| 50 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല – 496611രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 51 | കന്നുകുട്ടി പരിപാലനം പദ്ധതി - 21-22 ലെ 39383/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകളുടെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരം | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.07.2023 ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കള്ളിക്കാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കള്ളിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 ധനകാര്യ പത്രികയിലെ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ പത്രിക എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 5/23, 25.11.2023) മറുപടി നൽകിയില്ല. അക്കൗണ്ട്സ് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പത്രികകൾ, ഷെഡ്യൂളുകൾ എന്നിവ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-2 പ്രതിമാസ സമ്മറി പത്രികകൾ തയ്യാറാക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/23, 25.11.2023) മറുപടി നൽകിയില്ല. തുടർവർഷങ്ങളിൽ പ്രതിമാസ സമ്മറി പത്രിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-3 Cash Flow Statement ലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1742010/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2933144/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.5/23, 25.11.2023) മറുപടി ലഭ്യമാക്കിയില്ല.ക്യാഷ് ഫ്ലോ പത്രിക കുറ്റമറ്റ രീതിയിൽ സമർപ്പിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-4 ബാങ്ക് അക്കൗണ്ടുകൾ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകൾ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

A) അക്കൗണ്ട് നമ്പർ - 110056024707

B) അക്കൗണ്ട് നമ്പർ - 237 ( District Co-Operative Bank)

വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.28/23 തീ. 01.12.23) മറുപടി ലഭ്യമാക്കിയില്ല. മേൽ അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം ലഭ്യമാക്കേണ്ടതും, സ്ഥാപനത്തിലെ എല്ലാ അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

### 1-1-5 തൊഴിൽ നികുതി - തുകകൾ പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതിയിനത്തിലെ വരവ് രജിസ്റ്റർ പ്രകാരം 1401330/-രൂപയും ധനകാര്യ പത്രിക പ്രകാരം 1367080/-രൂപയുമാണ്. ബാലൻസ് തുക ബി-15 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 37/02.12.23)മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

### 1-1-6 വാർദ്ധക്യകാല പെൻഷൻ വരവും വിതരണവും പൊരുത്തപ്പെടുന്നില്ല.

വാർദ്ധക്യകാല പെൻഷൻ തുകയുടെ വരവിലും വിതരണത്തിലും 1500/- രൂപയുടെ വ്യത്യാസം കാണുന്നു. I-6 പ്രകാരം 13555800/- രൂപയും I-14(D) പ്രകാരം 13554300/- രൂപയുമാണ്, 1500/- രൂപ ഫ്രണ്ട് ഓഫീസിൽ തിരിച്ചടച്ച തുകയാണെന്നും , ആയത് സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കിയിട്ടില്ലായെന്നും അതിനാലാണ് വ്യത്യാസം ഉണ്ടായതെന്നും ഓഡിറ്റ് എൻക്വയറി 40/23, 02.12.2023 ന് മറുപടി നൽകി. തുക സർക്കാർ ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-1-7 Contractor's Retention തുക - രജിസ്റ്ററും ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

Contractor's Retention ഇനത്തിലെ വരവ്, ചെലവ് , നീക്കിയിരിപ്പ് എന്നിവ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| വരവ് | | തിരികെ നൽകിയത് | |
|---|---|---|---|
| RP-33 പ്രകാരം | രജിസ്റ്റർ പ്രകാരം | RP – 33 പ്രകാരം | രജിസ്റ്റർ പ്രകാരം |
| 170171 | 203624 | 58496 | 33453 |

വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-8 ലോൺ - രജിസ്റ്ററും ധനകാര്യപത്രികയും പൊരുത്തപ്പെടുന്നില്ല.

ലോൺ രജിസ്റ്ററിലെ നീക്കിയിരിപ്പും ധനകാര്യ പത്രികയിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് ( RP-31) | തിരിച്ചടവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ധനകാര്യ പത്രിക പ്രകാരം | 8346688 | 2380000 | 1198693 | 9527995 |
| രജിസ്റ്റർ പ്രകാരം | 8192001 | 3040000 | 1198693 | 10033308 |

### 1-1-9 നിക്ഷേപ പ്രവർത്തികൾ

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2021-22 B18 ഷെഡ്യൂൾ | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + | നീക്കിയിരിപ്പ് | 2022-23 B18 ഷെഡ്യൂൾ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | പ്രകാരം മുന്നിരിപ്പ് | (സുലേഖ പ്രകാരം) | | തിരികെ ഒടുക്കിയത് | | പ്രകാരം നീക്കിയിരിപ്പ് |
| കേരള വാട്ടർ അതോറിറ്റി | 6015155 | 140300 (പ്രോ.നം.158/23) | 6155455 | 918070 | 5237385 | 5237385 |

05.07.2022 ൽ ചെക്ക് നമ്പർ 726683 തീ. 07.06.22 പ്രകാരം വാട്ടർ ആതോറിറ്റിയിൽ നിന്ന് 918070/- രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക 2015 മുതൽ വിവിധ കുടിവെള്ള പദ്ധതികൾക്കും, പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾക്കുമായി നൽകിയ തുകയിൽ ബാക്കി വന്നതാണ്. പ്രസ്തുത തുക നിലവിൽ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. അവ അതാത് ഫണ്ടിലേയ്ക്ക് ഒടുക്കു വരുത്തേണ്ടതാണ്. പ്രവർത്തിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തത്തുല്യമായ തുക ആസ്തിയിലേയ്ക്ക് മാറ്റേണ്ടതാണ്.

### 1-1-10 സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്.

### 1-1-11 വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു.

Income And Expenditure Statement പ്രകാരം വരവിനെക്കാൾ (201462669) അധികം ചെലവ് (207220174) നടന്നതായി കാണുന്നു. Excess Of Income Over Expenditure നെഗറ്റീവ് ബാലൻസ് {(5757505} ആണ്.

### 1-1-12 Cheque Deposited But Not Cleared ഇനത്തിൽ അവശേഷിക്കുന്ന തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

SBI (57037472163) അക്കൗണ്ടിന്റെ മാർച്ച് 2023 ലെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheque Deposited But Not Cleared ഇനത്തിൽ 667,445/- രൂപയുണ്ട്. പ്രസ്തുത തുകയിൽ 2016 മുതൽ 2020 കാലയളവ് വരെ വിവിധ ഇനങ്ങളിൽ രസീത് വരവായി ലഭിച്ച തുക ഉൾപ്പെടുന്നു. പ്രസ്തുത തുകകൾ ഏതിനങ്ങളിൽ ലഭ്യമായതാണെന്ന് കണ്ടെത്തി അവ അടവാക്കിയ വ്യക്തികളിൽ നിന്നും ഈടാക്കുന്നതിന് നാളിതു വരെ നടപടി സ്വീകരിച്ചിട്ടില്ല. തുക ക്രമീകരിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 1-1-13 ഫിക്സ്ഡ് അസറ്റുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Asset- ളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ.

| ഹെഡ് കോഡ് | ഇനം |
|---|---|
| 416100106 | Accumulated Depreciation-Plant And Machinery |

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബഡ്ജറ്റ്

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 26.03.2022 | 17.03.2023 |
| ഭരണസമിതി തീരുമാനം | (1) | (1) |

| | | |
|---|---|---|
| മുന്നിരിപ്പ് | 2084583 | 12473804 |
| പ്രതീക്ഷിത വരവ് | 31263600 | 349883000 |
| ആകെ | 33348183 | 362356804 |
| പ്രതീക്ഷിത ചെലവ് | 311178000 | 351445100 |
| നീക്കിയിരിപ്പ് | 3542583 | 10911704 |

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

ആയത് ഫയലിൽ സൂക്ഷിക്കുന്നില്ല.

3.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2022-23 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/23 തീ. 29.11.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക അവലോകനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 8281928 |
| ഓഡിറ്റ് വർഷത്തെ വരവ് | 30827429 |
| ആകെ | 39109357 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32569439 |
| നീക്കിയിരിപ്പ് | 6539918 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20847735 | 20847735 | 20145534 | 702201 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2770635 | 2770635 | 2484671 | 285964 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 720937 | 720937 | 947000 | -226063 |
| വികസനഫണ്ട് (CFC Tied) | 0 | 8947720 | 8947720 | 9027044 | -79324 |
| വികസനഫണ്ട് (CFC Untied) | 0 | 3408865 | 3408865 | 3418750 | -9885 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 23462000 | 23462000 | 22824572 | 637428 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 5654000 | 5654000 | 5561398 | 92602 |
| സി.എസ്.എസ് | 0 | 0 | 0 | 876210 | -876210 |
| എസ്.എസ്.എസ് | 0 | 0 | 0 | 940000 | -940000 |

വികസന ഫണ്ട് (ടി.എസ്.പി), സി.എഫ്.സി.(ടൈഡ്), സി.എഫ്.സി(അൺടൈഡ്) എന്നിവയുടെ ബാലൻസ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്.

വിവിധ ഫണ്ട് ചെലവിനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 20145534 |
| | ACR+ Source Deduction | 20240294 |
| | Accounts( I -6 Schedule + Capital Contribution) | 20145534 |
| Maintanance Fund ( Non -Road) | Grant Statement | 5561398 |
| | ACR | 5565283 |
| | Accounts(I -6 Schedule + Capital Contribution) | 5561398 |
| Development Fund (CFC Tied) | Grant Statement | 9027044 |
| | ACR | 9027044 |
| | Accounts(I-6 Schedule + Capital Contribution) | 6330891 |

| | | |
|---|---|---|
| Development Fund (CFC UnTied) | Grant Statement | 3418750 |
| | ACR | 3418750 |
| | Accounts(I-6 Schedule + Capital Contribution) | 6114903 |

2022-23 വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും സേവന മേഖലയിൽ ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 12144352 | 6308868 | 52 |
| | പട്ടിക ജാതി വിഭാഗം | 658500 | 400500 | 61 |
| | പട്ടിക വർഗ്ഗം വിഭാഗം | 91000 | 91000 | 100 |
| സേവനം | പൊതുവിഭാഗം | 63589920 | 35593861 | 56 |
| | പട്ടിക ജാതി വിഭാഗം | 17859499 | 2272579 | 13 |
| | പട്ടിക വർഗ്ഗം വിഭാഗം | 6152165 | 3098020 | 50 |
| പശ്ചാത്തലം | പൊതുവിഭാഗം | 283355988 | 24770800 | 9 |
| | പട്ടിക ജാതി വിഭാഗം | 254000 | 195489 | 77 |

ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തിലെ ചെലവ് വിവരം ചുവടെ ചേർത്തിരിക്കുന്നു.

സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാ ഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും, കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. എന്നാൽ, 5% തുക വകയിരുത്തിയിട്ടില്ല. കൂടാതെ, കുട്ടികൾ, മറ്റ് ദുർബല വിഭാഗങ്ങൾ എന്നീ വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ജില്ലാ പഞ്ചായത്ത് ബ്ളോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് വിഹിതമായി ലഭ്യമായതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320700104 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്റ്റുകൾക്കുള്ള വിഹിതം (ക്യാപ്പിറ്റൽ) | 2023 |
| 2 | 320700204 | ബ്ളോക്ക് പഞ്ചായത്തുകളിൻ നിന്നും സംയുക്ത പ്രോജക്റ്റുകൾക്കുള്ള വിഹിതം (റവന്യൂ) | 775123 |
| 3 | 320700205 | ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്റ്റുകൾക്കുള്ള | 408649 |

| | | | |
|---|---|---|---|
| | | വിഹിതം (റവന്യൂ) | |

23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. പ്രസ്തുത തുകകളുമായി ബന്ധപ്പെട്ട പദ്ധതികൾ സ്പിൽ ഓവർ ആയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനും ഇല്ലെങ്കിൽ ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറാത്തതിനും അക്കൗണ്ട് സീറോ ബാലൻസ് ആക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 3289100 | 1944250 | 59 |
| കുട്ടികൾ | 630000 | 531653 | 84 |
| വൃദ്ധർ | 1096548 | 1096548 | 100 |
| ഭിന്നശേഷിയുള്ളവർ | 1799750 | 1799750 | 100 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 300600 | 205800 | 68 |
| യുവജന വികസന പരിപാടി | 57727 | 57727 | 100 |

വനിതകൾ, മറ്റ് ദുർബലവിഭാഗങ്ങൾ എന്നിവർക്കായി തയ്യാറാക്കിയ ചുവടെ പറയുന്ന പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പ്രോജക്റ്റ് നമ്പർ | അടങ്കൽ തുക |
|---|---|---|
| വനിതകൾ | 156/23 | 240000 |
| | 199/23 | 600000 |
| മറ്റ് ദുർബലവിഭാഗങ്ങൾ | 135 | 10000 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ (13/29.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ഹാജരാക്കേണ്ടതാണ്.

## 1-5 പദ്ധതി ആസൂത്രണം


**പദ്ധതി ആസൂത്രണം**

1) 2022-23 സാമ്പത്തിക വർഷത്തെ ബ്ലോക്ക്പഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, എന്നിവ തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.


| 1 | 2 | 5 | 6 |
|---|---|---|---|
| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസന ഫണ്ട് (ജനറൽ) | 22598000 | 20145534 | 2452466 |
| വികസനഫണ്ട് (എസ്.സി.പി) | 2869000 | 2484671 | 384329 |
| വികസനഫണ്ട് (ടി.എസ്.പി) | 947000 | 947000 | 0 |
| മെയിന്റനൻസ് (നോൺ റോഡ്) | 5654000 | 5561398 | 92602 |
| മെയിന്റനൻസ് (റോഡ്) | 23462000 | 22824572 | 637428 |
| **ആകെ** | **55530000** | **51963175** | **3566825** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




2) **2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 0 | 925300 | 840796 | 90.86 |
| വെറ്റിനറി സർജൻ | 12 | 12 | 0 | 4595650 | 4590650 | 99.89 |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 11 | 11 | 0 | 3423698 | 3277703 | 95.73 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 0 | 325000 | 325000 | 100 |
| മെഡിക്കൽ ഓഫീസർ -ആയുർവേദം | 3 | 3 | 0 | 634000 | 632400 | 99.74 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 19 | 5 | 59414345 | 15049832 | 25.33 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20 | 20 | 0 | 7409797 | 6559824 | 88.52 |
| സെക്രട്ടറി | 39 | 32 | 7 | 6757717 | 5523855 | 81.74 |

| | | | | | | |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 59 | 1 | 37731715 | 33493370 | 88.77 |
| **ഹെഡ്മാസ്റ്റർ** | 7 | 7 | 0 | 848000 | 748353 | 88.25 |
| ഡയറിഫാം ഇൻസ്പെക്ടർ | 1 | 1 | 0 | 1500000 | 1100000 | 73.33 |
| ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 0 | 48000 | 48000 | 100 |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 23328956 | 20145534 | 86.35 |
| വികസന ഫണ്ട് (എസ്.സി.പി.) | 3049316 | 2484671 | 81.48 |
| വികസനഫണ്ട് (ടി.എസ്.പി) | 1173165 | 947000 | 80.72 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 14685685 | 12445764 | 84.75 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2098920 | 876210 | 41.75 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 13280000 | 940000 | 7.08 |
| തനത് ഫണ്ട് | 5293 | 0 | 0 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 3948000 | 2812020 | 71.25 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 2648286 | 483000 | 18.24 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 26168686 | 22824572 | 87.22 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 5663696 | 5561398 | 98.19 |
| മറ്റുള്ളവ | 32602400 | 2791484 | 8.56 |
| ആകെ | 129105422 | 72731067 | 56.33 |

3)പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 191 | 178 | 13 | 96503022 | 69939583 | 72.5% |

4)ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022, ഖ3.1.1പ്രകാരം ആസൂത്രസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ആസൂത്രസമിതിയിൽ 13 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 2022-23 വാർഷിക പദ്ധതി രൂപീകരണത്തിനായി 16.12.21, 28.12.21, 27.06.22 എന്നീ തീയതികളിൽ യോഗം കൂടിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് വർക്ക് ഗ്രൂപ്പുകൾക്ക് സഹായം നൽകുക, പദ്ധതി ആസൂത്രണത്തിനുള്ള സമയക്രമം അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, വിവിധ വിഷയങ്ങളിലും മേഖലകളിലും പഠന ഗവേഷണങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക എന്നീ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളതായി ആസൂത്രസമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

5)വർക്കിംഗ് ഗ്രൂപ്പ്

A) സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക , വർക്കിംഗ് ഗ്രൂപ്പ് , വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക ഉടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ 14 വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. 2022-23 വർഷത്തിൽ രണ്ടു തവണ (20.05.22, 28.06.22 ) മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ (ഉദാ: പട്ടികവർഗ്ഗവികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ) കൂടിയതായി കാണുന്നത്

B)വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ മോണിറ്ററിംഗ് റിപ്പോർട്ട് കണ്ടെത്താൻ കഴിഞ്ഞില്ല.

C)വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി(അവലംബം -ഓഡിറ്റ് എൻക്വയറി നമ്പർ 04/24.11.2023ന്റെ മറുപടി) |
|---|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | 20.05.22 | മണ്ണും വീടും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതർക്ക് മൂന്ന് സെന്റ് ഭൂമി വാങ്ങി നൽകാനുള്ള സഹായം അനുവദിക്കുക | മണ്ണും വീടും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 4 പേർക്ക് ഭൂമി ലഭ്യമായിട്ടുണ്ട്.ടി ഗുണഭോക്താക്കൾക്ക് ലൈഫിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| 2 | പൊതുമരാമത്ത് | 20.05.22 | സോളാർ പദ്ധതി വീടുകളിൽ സബ്സിഡി വ്യവസ്ഥയിൽ നടപ്പാക്കുക | എസ്.സി.മേഖലയിൽ ഡിപ്പാർട്ട്മെന്റ് സ്കീം വഴി ടി പദ്ധതി നടപ്പാക്കി വരുന്നു. |
| 3 | പ്രാദേശിക സാമ്പത്തികവികസനം | 20.05.22 | പേപ്പർ ഡിസ്പോസിബിൾ ഗ്ലാസ്സ്, ഉണിസഞ്ചി നിർമ്മാണം | വരും വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്. |
| 4 | ആരോഗ്യം | 20.05.22 | ചെരിഞ്ഞാംകോണം സബ്സെന്റർ വ്ലാവെട്ടി സെറ്റിൽമെന്റിലേക്ക് മാറ്റുക | വ്ലാവെട്ടിയിൽ സബ്സെന്റർ പണിയുന്നതിന് ഭൂമി ലഭ്യമാകുന്നതിന് വേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |
| 5 | കുടിവെള്ളം, ശുചിത്വം | 28.06.22 | തോടുകൾ , കുളങ്ങൾ എന്നിവ ആറുമാസത്തിലൊരിക്കൽ വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക | തോടുകൾ , കുളങ്ങൾ എന്നിവ തെളിനീരൊഴുകും നവകേരളം എന്ന പദ്ധതിയുടെ ഭാഗമായി ബഹുജനപങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ് |

| | | | | |
|---|---|---|---|---|
| 6 | മൃഗസംരക്ഷണം ക്ഷീരവികസനം | 20.05.22 | മൊബൈൽ മിൽക്കിംഗ് യൂണിറ്റ് | നിലവിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ 5 ക്ഷീരസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. |

6)സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതായി അറിയിച്ചെങ്കിലും, പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഗുരുതര പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി<br>(അവലംബം ഓഡിറ്റ് എൻക്വയറി നമ്പർ 3/24.11.2023ന്റെ മറുപടി) |
|---|---|---|---|---|
| 1 | ദാരിദ്രലഘൂകരണം | അതീവ ഗുരുതരം | വീട് അറ്റകുറ്റപ്പണി (പൊതുവിഭാഗം) | 22-23 വർഷത്തെ സിഎഫ്സി ബേസിക് ഗ്രാന്റ് മുഴുവൻ തുകയും വീട് മെയിന്റനൻസ് ജനറൽ (33 വീടുകൾക്ക്) വേണ്ടിയാണ് വിനിയോഗിച്ചതെന്നാണ് അറിയിച്ചിരിക്കുന്നത്. |
| 2 | പട്ടികജാതി വികസനം | അതീവ ഗുരുതരം | കുടിവെള്ളം | 22-23 വർഷത്തെ സിഎഫ്സി ടൈഡ് ഗ്രാന്റ്25 ലക്ഷം രൂപ പൊതുകുടിവെള്ള കിണറുകളുടെ ശുചീകരണത്തിന് വേണ്ടിയാണ് വിനിയോഗിച്ചതെന്നാണ് അറിയിച്ചിരിക്കുന്നത്. |
| 3 | പൊതുഭരണവും ധനകാര്യവും | അതീവ ഗുരുതരം | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ | അങ്കണവാടികളുടെ നവീകരണം, കള്ളിക്കാട് എഫ്.എച്ച്.സി നവീകരണം, അങ്കണവാടികൾക്ക് ബഞ്ച്, ഡെസ്ക് എന്നിവ വാങ്ങുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. |
| 4 | വിദ്യാഭ്യാസം കലയും സംസ്കാരവും യുവജനകാര്യവും | അതീവ ഗുരുതരം | I) സ്കൂളുകളിൽ പ്രഭാതഭക്ഷണം ഏർപ്പെടുത്തുക<br>Ii)പ്രീപ്രൈമറി സ്കൂളുകൾക്ക് പോഷകാഹാര പദ്ധതി നടപ്പിലാക്കുക | I)ഫണ്ട് അപര്യാപ്തമാണ്. സ്പോൺസറെ കിട്ടുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്.<br>Ii) വ്ലാവെട്ടി പ്രീപ്രൈമറി സ്കൂൾ , ശിശുമന്ദിരം എന്നിവിടങ്ങളിൽ പോഷകാഹാര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| 5 | മൃഗസംരക്ഷണവും ക്ഷീരവികസനവും | അതീവ ഗുരുതരം | തെരുവു നായശല്യം | തെരുവ് നായ വാക്സിനേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

7)ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല. ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

8)മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയത് ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (2/24.11.23) അന്തിമ പദ്ധതി രേഖയിൽ വിഭവവകയിരുത്തൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്.

9)വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനായി സ്റ്റേറ്റ് ഹോൾഡേഴ്സ് യോഗം ചേർന്നിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്.

10)തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കോഴിക്കൂട്, ആട്ടിൻകൂട് എന്നീ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്.

10)കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

11)നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ സമർപ്പിച്ചിട്ടില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്.

12)CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കുന്നതിനുവേണ്ടി കോർപ്പറേറ്റുകളുമായി ചർച്ച നടത്തിയിരുന്നുവെങ്കിലും ഫണ്ട് ലഭ്യമായിട്ടില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്.

13)ആസ്തി സംരക്ഷണ പദ്ധതി

മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. റോഡ്,റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ഉതകുന്ന വിധത്തിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചു കൊണ്ടും പദ്ധതിപ്പണം പൂർണ്ണമായി ഉപയോഗിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1920400 | 157 |
| വിധവാ പെൻഷൻ | 9448800 | 831 |
| വാർദ്ധക്യകാല പെൻഷൻ | 13555800 | 1406 |
| വികലാംഗ പെൻഷൻ | 2643400 | 227 |
| വിവാഹ ധനസഹായം | 60000 | 2 |
| തൊഴിൽ രഹിത വേതനം | 0 | 0 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 153600 | 14 |

## 1-6-1 പെൻഷൻ തിരിച്ചടവ് - സർക്കാർ ഫണ്ടിലേക്ക് ഒടുക്കുവരുത്തുന്നില്ല

വാർദ്ധക്യകാല പെൻഷൻ തിരിച്ചടവ് ഇനത്തിൽ 1500/- രൂപ 26.10.22 ന് 1220200493/G010905 പ്രകാരം ഫ്രണ്ട് ഓഫീസിൽ അടച്ചിരിക്കുന്നു. ആയത് സർക്കാർ ഫണ്ടിലേക്ക് തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (40/02.12.23) സർക്കാർ ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ലായെന്നും തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പെൻഷൻ തിരിച്ചടവ് ഇനത്തിലെ 1500/- രൂപ സർക്കാർ ഫണ്ടിലേക്ക് ഒടുക്കുവരുത്തി അറിയിക്കേണ്ടതാണ്.

## 1-6-2 റബർ സബ്സിഡി കൈപ്പറ്റുന്ന പെൻഷൻ ഗുണഭോക്താക്കൾ- അനർഹമായ കാലയളവിൽ സാമൂഹ്യസുരക്ഷാപെൻഷനും കൈപ്പറ്റുന്നു.

2 ഏക്കറിൽ കൂടുതൽ ഭൂമിയുള്ള റബർ സബ്സിഡി കൈപ്പറ്റുന്ന പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഒരു മാസത്തെ നോട്ടീസ് നല്കി റദ്ദു ചെയ്യണമെന്ന് ധനകാര്യവകുപ്പിന്റെ 16.04.2022 ലെ 1174016/ എസ്.എഫ്.സി ബി2/2019 നമ്പർ ഉത്തരവുണ്ട്. മേൽ ഉത്തരവു പ്രകാരം താഴെ ചേർക്കുന്ന വ്യക്തികൾ റബർ സബ്സിഡി കൈപ്പറ്റുന്നവരും നിലവിൽ സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റുന്നവരുമാണ്.

| പെൻഷൻ ഇനം | ഗുണഭോക്താവിന്റെ പേര് | പെൻഷനർ ഐഡി | പെൻഷൻ സ്റ്റാറ്റസ് | അവസാനം പെൻഷൻ വിതരണം നടത്തിയ മാസം |
|---|---|---|---|---|
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ജെ.ജോസഫ് | 102870201625 | ആക്ടീവ് | July 2023 |
| ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | പ്രസന്നകുമാരി എം - | 102870601010 | ആക്ടീവ് | July 2023 |

| | | | | |
|---|---|---|---|---|
| ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | വിൽസൺ കെ | 102870201544 | ആക്ടീവ് | July 2023 |
| ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | സുമതികാണിക്കാരി എസ്. | 102870600494 | ആക്ടീവ് | July 2023 |

മേൽ ഗുണഭോക്താക്കൾ 2 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരാണോയെന്ന് പരിശോധന നടത്തി തുടർനടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/25.11.2023) 4 ഗുണഭോക്താക്കളുടെ വിവരങ്ങൾ അന്വേഷണം നടത്തിയതിൽ നാലു പേർക്കും 2 ഏക്കറിൽ കൂടുതൽ ഭൂമിയുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ സസ്പെന്റ് ചെയ്തുവെന്നാണ് അറിയിച്ചിരിക്കുന്നത്. അർഹതയില്ലാത്തവർ സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റുന്നത് ഗൌരവകരമായി പരിശോധന നടത്തി സമയാസമയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ്-പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2023 1.00 Pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1565/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

- ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗ് കൃത്യമായി കൂടുന്നുണ്ട്.ഓഫീസ് ഓർഡർ രജിസ്റ്റർ പരിശോധിച്ചതിൽ 56/20 തിയ്യതി-2-6-22 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി പിരിവ് 2021-22 ലെ കുടിശ്ശിക പൂർണ്ണമായി ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ തീരുമാനത്തിന്മേൽ എടുത്തതുടർ നടപടി വിവരം ലഭ്യമാക്കിയില്ല.
- ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.
- തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.
- ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കിയതിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- ഭവന നിർമ്മാണം,പുനരുദ്ധാരണം എന്നീ പദ്ധതിയിലുൾപ്പെട്ട കരാർ വച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്തകൾക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തിര നിർദ്ദേശം നല്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1089 | 939104 | 940193 | 889741 | 2467 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 97087000 | 97087000 | 97087000 | 0 |
| ആകെ | 1089 | 98026104 | 98027193 | 97976741 | 2467 |

വരവ് ,ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/23 തീ. 01.12.23) ക്യാഷ് ബുക്കിലെ വരവ് 939474 ഉം വാർഷിക ധനകാര്യ പത്രികയിലെ വരവ് 939104/- ഉം ആണെന്നും രേഖകൾ പരിശോധിച്ചതിൽ മാർച്ച് മാസം ക്രഡിറ്റ് ആയിട്ടുള്ള പലിശയിനത്തിലെ 370/- രൂപ പലിശ ഹെഡിലാണ് വരവ് വച്ചിട്ടുള്ളതെന്നും ആയതിനാലാണ് വ്യത്യാസം വന്നതെന്നും ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മറുപടി ലഭ്യമാക്കി.

ചെലവ് ഇനത്തിൽ ക്യാഷ് ബുക്ക് പ്രകാരം 938076/- രൂപയും വാർഷിക ധനകാര്യ പത്രികയിൽ 889741/- രൂപയുമാണ്. രേഖകൾ പരിശോധിച്ചതിൽ നിന്നും അഡ്വാൻസ് നൽകിയ തുകയിൽ നിന്നും ചെലവ് ഇനത്തിലേയ്ക്ക് മാറ്റിയതിൽ

45405/-, 2930/- എന്നീ തുകകൾ ചെലവിനത്തിലേയ്ക്ക് മാറ്റിയിട്ടില്ലായെന്നും ടി തുകകൾ കൂടി ചെലവിനത്തിലേയ്ക്ക് മാറ്റി ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്ന തുക EFMS സ്റ്റേറ്റ്മെന്റ് പ്രകാരം 97958353/- എന്നും വാർഷിക ധനകാര്യ പത്രികയിൽ 97087000/- ഉം ആണ്. രേഖകൾ പരിശോധിച്ചതിൽ 2022 സെപ്റ്റംബർ മുതൽ ഫെബ്രുവരി 2023 വരെയുള്ള 6 മാസത്തെ എം.ജി.എൻ.ആർ.ഇ.ജി.എസ്. ജീവനക്കാരുടെ ശമ്പള തുകയായ 871353/- രൂപ ഇ.എഫ്.എം.എസ്. വഴി ടി ജീവനക്കാരുടെ അക്കൗണ്ടിൽ നേരിട്ട് നൽകിയെന്നും ടി തുകയും ചേർത്താണ് ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയതെന്നും ഭരണപരമായ ടി ചെലവ് പഞ്ചായത്ത് അക്കൗണ്ടിൽ വരാത്തതുകൊണ്ടാണ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടാത്തതെന്നും മറുപടി നൽകി.
ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്ന തുക ഭരണചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള ആകെ തുകകൾ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ (I6)സ്റ്റേറ്റ്മെന്റിലാണ് രേഖപ്പെടുത്തുന്നത് എന്നാൽ I6 പ്രകാരമുള്ള വരവ് I14(C,F) എന്നിവയിലെ ചെലവുതുകകളുമായി പൊരുത്തപ്പെടുന്നില്ല.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 29.4.2022 | 2021-22 | 14.6.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.1.2020 | 2014-15മുതൽ 2018-19 | 5.3.2020 |

## 1-11 നെയ്യാർഡാം വാർഡിലെ വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക - രൂ.226454/-

ഗ്രാമപഞ്ചായത്തിൽ മൂന്നാം (നെയ്യാർഡാം) വാർഡിലുള്ള ജലസേചന,പൊതുമരാമത്ത്, വനം വന്യജീവി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നു മാത്രം വസ്തുനികുതിയിനത്തിൽ 226454/- രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. വിശദ വിവരങ്ങൾ , ഓഡിറ്റ് എൻക്വയറി നം.6/2022-23 തീയതി 25.11.2023 ക്ക് ലഭ്യമാക്കിയതിൻ പ്രകാരം , ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നംപർ | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക കാലയളവ് (31.03.2023 വരെ) |
|---|---|---|---|
| 1 | 3/238 | 251 | 2021-22 മുതൽ |
| 2 | 3/239 | 251 | 2021-22 മുതൽ |
| 3 | 3/240 | 251 | 2021-22 മുതൽ |
| 4 | 3/241 | 251 | 2021-22 മുതൽ |
| 5 | 3/242 | 357 | 2021-22 മുതൽ |
| 6 | 3/243 | 251 | 2021-22 മുതൽ |
| 7 | 3/244 | 251 | 2021-22 മുതൽ |
| 8 | 3/245 | 251 | 2021-22 മുതൽ |
| 9 | 3/246 | 251 | 2021-22 മുതൽ |
| 10 | 3/265 | 251 | 2021-22 മുതൽ |
| 11 | 3/266 | 251 | 2021-22 മുതൽ |
| 12 | 3/267 | 251 | 2021-22 മുതൽ |
| 13 | 3/268 | 251 | 2021-22 മുതൽ |
| 14 | 3/269 | 251 | 2021-22 മുതൽ |
| 15 | 3/270 | 251 | 2021-22 മുതൽ |
| 16 | 3/271 | 251 | 2021-22 മുതൽ |
| 17 | 3/272 | 251 | 2021-22 മുതൽ |
| 18 | 3/273 | 251 | 2021-22 മുതൽ |
| 19 | 3/274 | 169 | 2021-22 മുതൽ |

| | | | |
|---|---|---|---|
| 20 | 3/275 | 18993 | 2021-22 മുതൽ |
| 21 | 3/277 | 10608 | 2021-22 മുതൽ |
| 22 | 3/281 | 251 | 2021-22 മുതൽ |
| 23 | 3/285 | 4737 | 2021-22 മുതൽ |
| 24 | 3/286 | 118905 | 2021-22 മുതൽ |
| 25 | 3/288 | 7601 | 2021-22 മുതൽ |
| 26 | 3/288A | 1745 | 2021-22 മുതൽ |
| 27 | 3/288B | 1745 | 2021-22 മുതൽ |
| 28 | 3/288C | 19713 | 2021-22 മുതൽ |
| 29 | 3/288D | 6924 | 2021-22 മുതൽ |
| 30 | 3/338 | 11323 | 2019-20 മുതൽ |
| 31 | 3/339 | 6732 | 2019-20 മുതൽ |
| 32 | 3/373 | 10383 | 2019-20 മുതൽ |
| 33 | 3/383 | 2001 | 2020-21മുതൽ |
| ആകെ | | 226454/- | |

മേൽ പരാമർശിച്ചവയിൽ ജലസേചന,പൊതുമരാമത്ത്, വനം വന്യജീവി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ താമസത്തിനുപയോഗിക്കുന്ന ക്വാർട്ടേഴ്സുകൾക്ക് പുറമേ മേൽ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള അസംബ്ളി കെട്ടിടങ്ങൾ, കൺവെൻഷൻ സെന്ററുകൾ, ആഡിറ്റോറിയങ്ങൾ, കല്ല്യാണമണ്ഡപങ്ങൾ, ലോഡ്ജുകൾ, സിനിമാ തിയേറ്ററുകൾ, ഷോപ്പുകൾ, റസ്റ്റോറന്റുകൾ തുടങ്ങിയവയും ഉൾപ്പെടുന്നുവെന്നതിനാലും മേൽ പരാമർശിച്ച ഇനം കെട്ടിടങ്ങളെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207(1) ന്റെ പരിധിയിൽപ്പെടുത്തി കെട്ടിടനികുതി ഒഴിവാക്കിനൽകിയിട്ടില്ലാത്തതിനാലും വൻ നികുതി നഷ്ടമാണ് വന്നുകൊണ്ടിരിക്കുന്നത്.ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വൻ തോതിലുള്ള കുറവും സാമ്പത്തിക സ്ഥിതിയിൽ പ്രയാസവും നേരിടുന്ന നിലവിലെ സാഹചര്യത്തിൽ നികുതികുടിശ്ശികകൾ പിരിച്ചെടുക്കേണ്ടത് വളരെ അനിവാര്യമായ ഒന്നാണ്.ഈ വിഷയത്തിൽ മേൽ പരാമർശിച്ച വകുപ്പുകളുടെ നിയന്ത്രണാധികാരികളുമായി ബന്ധപ്പെട്ട് നികുതി ഒടുക്കിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല- അവശേഷിക്കുന്ന തുക രൂ.31260/-

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ 2022-23 ലെ തൊഴിൽ നികുതി ഒടുക്കുവന്നിട്ടില്ലെന്ന് കാണുന്നു.

| സ്ഥാപനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം(2022-23) | മുൻ വർഷം / മറ്റേ ഹാഫിൽ ഒടുക്കിയ നികുതിയും |
|---|---|---|
| വാവോട് ഹൈസ്കൂൾ | I,II | 30000 |
| സെന്റ് ജോസഫ് സ്കൂൾ വാവോട് ഹൈസ്കൂൾ | II | 1260 |
| ആകെ | | 31260 |

പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിന്റെയും, നികുതി ഈടാക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ചും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/2022-23 തീയതി 27.11.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞ് കിട്ടാനുള്ള നികുതി തുകകൾ പിഴ പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-വിവിധ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞ് കിട്ടാനുള്ള തുക രൂ.26250/-

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

| സ്ഥാപനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം (2022-23) | ഒടുക്കേണ്ട നികുതി (രൂപ) |
|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്, കള്ളിക്കാട് | I,II | 2500 |
| കെ.റ്റി.ഡി.സി ടാമരിന്റ് ഹോട്ടൽ | I,II | 2500 |

| | | |
|---|---|---|
| മുത്തൂറ്റ് കള്ളിക്കാട് | I,II | 2500 |
| മിനി മുത്തൂറ്റ് നിധി(കെ)ലിമിറ്റഡ് | I,II | 2500 |
| മിൽക്ക് കോപ്പറേറ്റീവ് സൊസൈറ്റി , മൈലക്കര | I,II | 2500 |
| കള്ളിക്കാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | I,II | 2500 |
| സൗത്ത് ഇന്ത്യൻ ബാങ്ക് , കള്ളിക്കാട് | I | 1250 |
| കെ.എസ്.എഫ്.ഇ , കള്ളിക്കാട് | I,II | 2500 |
| ഐശ്വര്യ ഫിനാൻസ്, കള്ളിക്കാട് | I,II | 2500 |
| അഷ്ടമി ഫിനാൻസ്,കള്ളിക്കാട് | I,II | 2500 |
| ഫെഡറൽ ബാങ്ക് , കള്ളിക്കാട് | I,II | 2500 |
| ആകെ | | 26250 |

പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിന്റെയും, നികുതി ഈടാക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ചും മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/2022-23 തീയതി 27.11.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞ് കിട്ടാനുള്ള നികുതി തുകകൾ പിഴ പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

പഞ്ചായത്തിൽ 60ദിവസത്തിൽ കൂടുതൽ പണിയെടുത്തിട്ടുള്ള കരാറുകാർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കരാറുകാരുടെ പേര് വിവരങ്ങളും തൊഴിൽനികുതി രജിസ്റ്ററും ഒത്തുനോക്കിയതിൽ കരാറുകാരൊന്നും തന്നെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാർക്ക് നിന്നും പുറമേ കെ.എസ്.ഇ.ബി,കേരള വാട്ടർ അതോറിറ്റി,ജലസേജനം തുടങ്ങിയ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാർ തൊഴിലാളികളുടെ വിവരങ്ങളും തൊഴിലുടമകളിൽ നിന്നും ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് . അതൊടൊപ്പം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സേവനം ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, കരാറുകർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ,എന്നിവരിൽ നിന്നും തൊഴിൽനികുതി ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.( വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/2022-23 തീയതി 27.11.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല )

## 1-15 തടി ലേലം- രൂ.98100/- യുടെ വരവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം തടിലേലം ഇനത്തിൽ (150100110 Receipt From Sale Of Timber) 98100/- രൂപയുടെ വരവ് വന്നിട്ടുള്ളതായി കാണുന്നു. മേൽ പ്രകാരമുള്ള വരവുകൽ ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിന് വരവ് വിവരങ്ങൾക്കുള്ള ഫയലുകളും രജിസ്റ്ററുകളും അനുബന്ധരേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയിൻമേൽ (നം.29/2022-23 തീയതി 01.12.2023) രേഖകൾ ഹാജരാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ലേല നടപടിക്രമങ്ങൾ സുതാര്യമായിരുന്നോയെന്നും ക്രമപ്രകാരമായിരുന്നെയെന്നും ലേലം വഴി കിട്ടേണ്ട തുകകൾ തനത് ഫണ്ടിൽ യഥാവിധി ഒടുക്കിയിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ പരിശോധിച്ചുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല. വരവ് വിവരത്തിന്റെ ആധികാരികതയും കൃത്യതയും ഓഡിറ്റിന് ബോധ്യപ്പെടേണ്ടതുള്ളതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ , രേഖകളുടെ പിൻബലത്തോടെ , ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലെ കാര്യക്ഷമത – വിശകലനം

നികുതി-നികുതിയേതര വരവിന്റെ സമാഹരണത്തിലെ കാര്യക്ഷമതാ വിശകലനത്തിനായി ഗ്രാമ പഞ്ചായത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/തീയതി 24.11.2023 ന് ലഭ്യമാക്കിയ മറുപടിയുടെയും രേഖാ പരിശോധനയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലെ ഗ്രാമ പഞ്ചായത്തിന്റെ കാര്യക്ഷമത സംബന്ധിച്ച വിശകലനം ചുവടെ ചേർക്കുന്നു.

1) സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല. പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തി അധിക തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതാണ്. കണ്ടെത്തിയ സ്രോതസ്സുകൾ ബജറ്റിൽ ഉൾപ്പെടുത്തുകയും ആയത് സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

2) നികുതി- നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ്-പിരിവ് പുരോഗതി സ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റ് എൻക്വയറി മുഖേന അന്വേഷിച്ചതിന് വസ്തു നികുതി,ലൈസൻസ് ഫീസ് എന്നിവ പിരിച്ചെടുക്കുന്നതിന്റെ പുരോഗതി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ പുരോഗതി എല്ലാ മാസവും ആദ്യ യോഗത്തിൽ വിലയിരുത്തി സാമ്പത്തിക വർഷാരംഭത്തിൽ തന്നെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനും ആവശ്യമായ സന്ദർഭങ്ങളിൽ ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്യേണ്ടതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ തനത് വരുമാനയിനങ്ങളിൽ നിന്നായി 31.03.2023 ലെ നില അനുസരിച്ച് 1157324/- രൂപയാണ് ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ളത് . പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ടി തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3) തനത് വരുമാനമായി ലഭിക്കുന്ന ഇനങ്ങളിൽ മാർച്ച് 31-ന് ലഭിക്കേണ്ട കുടിശ്ശികയായ തുകയുടെ വിവരം ഇനം, വർഷം തിരിച്ച് ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടതിന് വിവരങ്ങൾ ലഭ്യമാക്കിയെങ്കിലും ഇവ രേഖപ്പെടുത്തിയ രജിസ്റ്ററുകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. സാമ്പത്തിക മാനേജ്മെന്റിന്റെ കൃത്യതയ്ക്കായും ക്രമമായ പുരോഗതിക്കായും തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കുന്നത് തനത് വരുമാനത്തിലെ കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് സഹായകമാകുമെന്നതിനാൽ അപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 27.04.2023 ലെ 7(1) തീരുമാനപ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തതും 20.10.2023 ലെ 33(1) തീരുമാനപ്രകാരം അന്തിമമായി അംഗീകരിച്ചതുമായ 1-4-2023 തീയതി പ്രാബല്യത്തിൽ വസ്തു നികുതി നിരക്കുകൾ പരിഷ്കരിച്ചെങ്കിലും ആയതനുസരിച്ചുള്ള നിരക്കുകൾ ബാധകമാക്കി നികുതി നിർണ്ണയിച്ച് ഈടാക്കി തുടങ്ങിയിട്ടില്ലെന്നും കാണുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

5) നികുതി- നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ്-പിരിവ് പുരോഗതി സൂചിപ്പിക്കുന്ന രജിസ്റ്ററുകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച തീയതികൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് 3/11/2023 ന് നികുതി- നികുതിയേതര വരവിനങ്ങളിൽ നിന്നുള്ള വരുമാനം ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തിയതായി മറുപടി ലഭ്യമാക്കി. എല്ലാ മാസവും കൂടുന്ന ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി നികുതി- നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ്-പിരിവ് പുരോഗതി പരിശോധിച്ച് വിലയിരുത്തേണ്ടതും കൃത്യമായ ഇടവേളകളിൽ തനത് വരുമാനം സംബന്ധിച്ച രജിസ്റ്റർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

6) ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് ,ILGMS (വാർഷികധനകാര്യപത്രിക) വരവ്,സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ലെന്നും മുൻ വർഷങ്ങളിൽ തന്നെ വ്യത്യാസം നിലവിലുണ്ടെന്നുമാണ് ഗ്രാമപഞ്ചായത്തിന്റെ മറുപടി .നികുതി പിരിവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നികുതി വിവരങ്ങളിൽ കൃത്യത പുലർത്തേണ്ടത് അനിവാര്യമായതിനാൽ പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനായുള്ള സാങ്കേതിക സഹായം ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും തേടേണ്ടതാണ്.

7) തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും,അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണവിവരങ്ങൾ ആവശ്യപ്പെട്ടതിന് ഇതിലേക്കായുള്ള പരിശോധന ആരംഭിച്ചിട്ടില്ല എന്നാണ് ലഭിച്ച മറുപടി. ഫീൽഡ് തല അന്വേഷണം കാര്യക്ഷമമായി നടപ്പിലാക്കി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

8) തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും 02.02.2022 ലെ RD3/94 /2020/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നികുതി കുടിശ്ശികയില്ലാതെ ഈടാക്കിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ഒരു ടവ്വർ ഒഴികെ നികുതി ഒടുക്കിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതിയൊടുക്കാൻ ബാക്കി നിൽക്കുന്ന ടവ്വറിന്റെ പേർക്ക് നിയമ നടപടി സ്വീകരിച്ച് തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

9) തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം ചുമത്തിയിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം തെരുവു വിളക്കുകൾ, ഡ്രെയിനേജ് എന്നിങ്ങനെയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. തനത് വരുമാനം വർധിപ്പിക്കുന്നതിന് സേവന ഉപനികുതിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ടി വിഷയത്തിലേക്ക്

ക്ഷണിക്കുന്നു.

10) തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ ,സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉറപ്പുവരുത്തിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. നികുതി ചോർച്ച ഒഴിവാക്കുന്നതിനായി ഈ വിഷയത്തിൽ തുടർച്ചയായ പരിശോധനയും നിരീക്ഷണവും ഉറപ്പുവരുത്തേണ്ടതാണ്.

11) അമ്യൂസ്മെന്റ് പാർക്ക്,ടർഫ് കോർട്ട്,ഇൻഡോർ ക്ലബ്/സ്റ്റേഡിയം,നീന്തൽകുളങ്ങൾ,കേബിൾ ,ടി.വി നെറ്റ് വർക്ക്,ഹൌസ് ബോട്ടുകൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ,ഭരണസമിതിയോ ശുപാർശ ചെയ്തിട്ടുണ്ടോ എന്ന ചോദ്യത്തിന് അത്തരത്തിൽ നടപടി സ്വീകരിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. വിനോദസഞ്ചാരത്തിന് വൻ സാധ്യതയുള്ളതും ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ നെയ്യാർഡാം ഉൾപ്പെടുന്ന പഞ്ചായത്ത് ആയതിനാലും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് പ്രസ്തുത വിവരം സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്.

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള വിഭവങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തൻ വർഷത്തെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വരവ് വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുവാനും പുതിയ ധനാഗമന മാർഗ്ഗങ്ങൾ കണ്ടെത്തുവാനും നികുതി ചോർച്ച തടയാനും കുടിശ്ശിക പിരിച്ചെടുക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

## 1-17 കൃഷി ഓഫീസിലേക്ക് ഫർണിച്ചർ - അധികമായി തുക നല്കിയിരിക്കുന്നു.

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹിച്ച കൃഷി ഓഫീസിലേക്ക് ഫർണ്ണിച്ചർ എന്ന പദ്ധതി പ്രകാരം STEEL CABINET WITH LOCKER, ARTCO യിൽ നിന്നും ടെണ്ടർ നടപടിക്രമങ്ങളില്ലാതെ നേരിട്ട് വാങ്ങിയിരിക്കുന്നു. ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 4/2018/SPD Dt 2-2-2018, GO(Rt) 20/ 2023 /SPD Dt 24.02.2023 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ച നിരക്കിനെക്കാൾ കൂടുതലായി ARTCO യ്ക്ക് നൽകിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ 130/23 കൃഷി ഓഫീസിലേക്ക് ഫർണീച്ചർ

അടങ്കൽ - 47800/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ് )

ചെലവ് - 47800/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ് )

ഇൻവോയ്സ് നം - TVM906, തീ.15.11.22 ₹ 13098/-

ബിൽ നം 122/24.11.22 - 13098/-
518/16.02.23 – 34702/-

| സാധനം | എണ്ണം | നല്കാവുന്ന നിരക്ക് | നല്കിയ നിരക്ക് | നികുതി ഉൾപ്പെടെ അനുവദിച്ച ആകെ വില |
|---|---|---|---|---|
| STEEL CABINET WITH 4 Fixed SHELVES 78"*36"*19" (20G) | 1 | 8678 | 11100 | 13098 |

സർക്കാർ ഉത്തരവിനെക്കാളും അധികരിച്ച് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 12/28.11.23) Steel Cabinet ന്റെ വില 8678/-രൂപയും GST അടക്കമുള്ള തുക 10240/-രൂപയുമാണെന്നും Delivery Charge ഇനത്തിലെ തുകയായ 2858/- രൂപയും ചേർത്താണ് ആകെ 13098/- രൂപ നല്കിയതെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ മറുപടി സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച നിരക്കിനെക്കാൾ കൂടുതലായി ARTCO യ്ക്ക് 2858/-രൂപ നൽകിയിരിക്കുന്നു. അധികമായി നൽകിയ 2858/-രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക ഡെലിവറി ചാർജ്ജിനത്തിൽ നൽകിയതാണെന്നുള്ളതിന് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-18 ഹരിതഭവനം പദ്ധതി - പരമാവധി സബ്സിഡിയിൽ അധികരിച്ച് നല്കിയ 2900/- രൂപ

**തടസ്സപ്പെടുത്തുന്നു**

പ്രോജക്റ്റ് നമ്പർ 95/23 – ഹരിതഭവനം

നിർവ്വഹണം :കൃഷി ഓഫീസർ

വീട്ടുവളപ്പിൽ പരിസ്ഥിതി സൌഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, ജലവിഭവസംരക്ഷണം, മൃഗസംരക്ഷണം, മാലിന്യസംസ്കരണം - ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംയോജിപ്പിച്ച വീടുകൾ ഹരിതഭവനം ആക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതി

| ഫണ്ട് | അടങ്കൽ | ചെലവ്(സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 70000 | 27996/- (ബിൽ നമ്പർ-652/20.3.23 -1944/-<br>ബിൽ നമ്പർ-653/20.3.23 -1944/-<br>ബിൽ നമ്പർ-654/20.3.23 -18628/-<br>ബിൽ നമ്പർ-655/20.3.23 -4500/-<br>ബിൽ നമ്പർ-656/20.3.23 -980/- |
| ജില്ല പഞ്ചായത്ത് വിഹിതം | 70000 | 28000 (ബിൽ നമ്പർ-JBK Jilla 01/2022-23) |
| ഗുണഭോക്തൃ വിഹിതം | 89450 | 3880 |
| ആകെ | 229400 | 59876 |

A)കോഴിയും കൂടും നല്കുന്നതിനുള്ള Unit Cost 3650/-രൂപ നിശ്ചയിച്ച് 1825/- രൂപ സബ്സിഡി നല്കിയിരിക്കുന്നു. സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 115/2022/തസ്വഭവ തീയതി 28.05.2022] ഖണ്ഡിക 6.3.25 (B) പ്രകാരം അഞ്ച് കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് (കൂട് ഉൾപ്പെടെ) പരമാവധി സബ്സിഡി 1100/- രൂപയാണ്. സബ്സിഡി ഇനത്തിൽ 4 ഗുണഭോക്താക്കൾക്ക് അധികമായി 2900/- ((1825-1100)*4) രൂപ നല്കിരിക്കുന്നു.

B)സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 115/2022/തസ്വഭവ തീയതി 28.05.2022] ഖണ്ഡിക 6.1.25, അനുബന്ധം 1 എന്നിവ പ്രകാരമുള്ള പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ, അനുബന്ധം 2 പ്രകാരമുള്ള എൻറോൾമെന്റ് ഫോറം , എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/28.1123) വാർഷിക പദ്ധതി സംയുക്ത പ്രോജക്ടുകൾക്കായി പ്രിൻസിപ്പൽ കൃഷി ഓഫീസർ സമർപ്പിച്ചതും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതുമായ മാനദണ്ഡപ്രകാരമാണ് ആനുകൂല്യം അനുവദിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. അധികമായി നല്കിയ 2900/- രൂപ തടസ്സപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ ചെലവ് ചെയ്തതിനാൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 ഭവനനിർമ്മാണം പൂർത്തീയാക്കിയിട്ടില്ല.

ലൈഫ് ഭവനപദ്ധതികളുടെ അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ വിവിധ പദ്ധതികളിലായി താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല.

A) ലൈഫ് എസ്.ടി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം (20/23)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാർ വച്ച തീയതി | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | സുനിതകുമാരി എസ് | 21.07.21 | 09.12.21 | 5,80,000 |
| 2 | ബൈജുകുമാർ | 05.07.21 | 20.12.21 | 4,60.000 |
| 3 | വിപിൻ എസ് | 04.06.21 | 06.01.22 | 5,20,000 |
| 4 | രാജ്കുമാർ എസ് | 13.07.21 | 06.01.22 | 4,60,000 |
| 5 | ആദർശ് ഡി | 04.06.21 | 24.03.22 | 4,60,000 |

B)ലൈഫ് ഭവനപദ്ധതി ജനറൽ (140/23)

| ക്രമ | ഗുണഭോക്താവിന്റെ | കരാർ വച്ച | ആദ്യ ഗഡു കൈപ്പറ്റിയ | നാളിതുവരെ |
|---|---|---|---|---|

| നം | പേര് | തീയതി | തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ലീല | 03.03.2022 | 13.03.23 | 360,000 |
| 2 | കൃഷ്ണമ്മ | 27.02.2022 | 06.03.2022 | 3,40,000 |
| 3 | സിന്ധു വി | 01.03.22 | 06.03.2022 | 1,80,000 |
| 4 | ലളിത | 02.03.22 | 06.03.2022 | 1,80,000 |

C)ലൈഫ് ഭവനപദ്ധതി ജനറൽ (22/23)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാർ വച്ച തീയതി | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ഗിരിജ.ജെ | 9.12.21 | | 3,00,000 |

ആദ്യ ഗഡു അനുവദിച്ച തീയതി രജിസ്റ്ററിലോ സ്റ്റേജ് റിപ്പോർട്ട്, പരിശോധന റിപ്പോർട്ട് , കൈപ്പറ്റ് രസീത് എന്നിവയിലോ രേഖപ്പെടുത്തിയിട്ടില്ല. രണ്ടാം ഗഡുവായ 100,000/-രൂപ 31.01.22 നാണ് അനുവദിച്ചിരിക്കുന്നത്.

D)ലൈഫ് ഭവനപദ്ധതി പട്ടികജാതി (142/23)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാർ വച്ച തീയതി | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ചക്രപാണി.എസ്സ് | 06.08.21 | 13.01.22 | 3,00,000 |

വീട് നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനായി സ്വീകരിച്ച നടപടികൾ ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18/30.11.23) A) ലൈഫ് എസ്.ടി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് നാല് ലക്ഷത്തിലധികരിച്ചുള്ള രണ്ട് ലക്ഷം രൂപ സംസ്ഥാനവിഹിതമായോ ഡിപ്പാർട്ട്മെന്റ് വിഹിതമായോ ആണ് ലഭ്യമാക്കേണ്ടതെന്നും അനുവദിച്ച് നല്കേണ്ട തുകയുടെ അപര്യാപ്തത കാരണമാണ് ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതെന്നുമാണ് അറിയിച്ചിരിക്കുന്നത്.

B) നാലു ഗുണഭോക്താക്കളും ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും സ്റ്റേജ് പൂർത്തിയാക്കി വരുന്നമുറയ്ക്ക് തുക അനുവദിക്കുന്നതും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് അറിയിച്ചിരിക്കുന്നു.

C)ഗിരിജ.ജെ യ്ക്ക് ആദ്യ ഗഡു അനുവദിച്ചത് 06.01.22 ലാണെന്നും രജിസ്റ്ററിലും റിപ്പോർട്ടിലും രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഗിരിജ.ജെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണമൊന്നും മറുപടിയിൽ പരാമർശിച്ചിട്ടില്ല.

D) ചക്രപാണി.എസ്സ് ഭവനനിർമ്മാണം നടക്കുന്നതിനിടയ്ക്ക് 10.01.23 ന് മരണപ്പെടുകയും തുടർന്ന് 20.03.23 തീയതിയിലെ 20(1) ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചക്രപാണിയുടെ മകനായ രാജേഷിന്റെ അക്കൌണ്ടിൽ തുക അനുവദിക്കുകയും നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നുണ്ട് എന്നാണ് അറിയിച്ചിരിക്കുന്നത് . മേൽ ഗുണഭോക്താക്കൾ നിർമ്മാണം വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-20 ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും - ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് എസ്.ടി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം (20/23) പദ്ധതി പ്രകാരം അനിൽകുമാർ കാണി എന്ന വ്യക്തി 26.07.21 ന് കരാർ വെയ്ക്കുകയും 09.12.21 ന് 40,000/- രൂപ ആദ്യ ഗഡു കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവനം നിർമ്മാണം ആരംഭിച്ചിട്ടില്ല. ഗുണഭോക്താവ് പണി ആരംഭിക്കാത്തതിന്റെ കാരണവും നിർമ്മാണം ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികളും അറിയിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/30.11.23) ഗുണഭോക്താവ് നിലവിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ താമസം ഇല്ലായെന്ന് അറിയുകയും ബന്ധപ്പെടാൻ കഴിയാതെവരുകയും ചെയ്തതതിനാൽ തുടർനടപടി സ്വീകരിക്കാൻ ഭരണസമിതി യോഗത്തിൽ അജണ്ടയായി കുറിപ്പ് വച്ചിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. തുടർനടപടികൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-21 കരാർ വെച്ചിട്ടുണ്ടെങ്കിലും ആദ്യ ഗഡു കൈപ്പറ്റുകയോ ഭവന നിർമ്മാണം ആരംഭിക്കുകയോ ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് എസ്.ടി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം (20/23) പദ്ധതി പ്രകാരം സൂര്യ.എസ്സ്.ആർ, S/o സുകുമാരൻ കുട്ടി എന്ന വ്യക്തി 07.12.21 ന് കരാർ വെച്ചിട്ടുണ്ടെങ്കിലും ആദ്യ ഗഡു കൈപ്പറ്റുകയോ ഭവനം നിർമ്മാണം ആരംഭിക്കുകയോ ചെയ്തിട്ടില്ല. ആയതിന്റെ കാരണം അറിയിക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/30.11.23) ഗുണഭോക്താവ് വകുപ്പിൽ

നിന്നും ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഭവനനിർമ്മാണ അനുമതിയും ഹാജരാക്കാത്തതിനാലാണ് ആദ്യ ഗഡു അനുവദിക്കാത്തതെന്നും നിലവിൽ ആദ്യ ഗഡു അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എത്രയും വേഗം ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല

ഭവന പുനരുദ്ധാരണം (01/23) പദ്ധതിയുടെ അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാർ വച്ച തീയതി | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | മോഹൻ.റ്റി | 04.01.23 | 07.01.23 | 50,000 |
| 2 | സിന്ധു. എൽ | 23.12.22 | 24.12.22 | 50,000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/ 30.11.2023) ശ്രീമതി സിന്ധു. എൽ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടുണ്ടെന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർന്നുള്ള ധനസഹായം അനുവദിക്കുമെന്നും ശ്രീ.മോഹൻ.റ്റി ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തതിനാൽ വാർഡ് മെമ്പറെ അറിയിച്ചിട്ടുണ്ടെന്നും ഭരണസമിതി തീരുമാനപ്രകാരം നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം പൂർത്തിയാക്കാനുള്ള തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ- പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

പദ്ധതി - അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ

പ്രോജക്ട് നമ്പർ : 145/23

നിർവ്വഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ)

അടങ്കൽ : 25,000/- വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് : 5270/- വികസനഫണ്ട് (പൊതുവിഭാഗം)

ആശ്രയ പദ്ധതിയിൽ വരേണ്ടതും എന്നാൽ വിട്ടു പോയതുമായ അതിദരിദ്രരെ കണ്ടെത്തി അവർക്ക് അതിദാരിദ്ര്യാവസ്ഥയിൽ നിന്ന് പുറത്തുവരാനുള്ള സഹായവും പദ്ധതികളും മൈക്രോ പ്ലാനിലൂടെ നടപ്പിലാക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം പദ്ധതി പ്രകാരം 5270/- രൂപയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കണ്ടെത്തിയ അതിദരിദ്രരുടെ ലിസ്റ്റോ, അവരെ അതിദാരിദ്ര്യാവസ്ഥയിൽ നിന്നും പുറത്തു വരാനായി ചെയ്ത സഹായങ്ങളോ നടപ്പിലാക്കിയ പദ്ധതികളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (22/ 30.11.2023) 8.7.2022ലെ സർക്കാർ ഉത്തരവ് പ്രകാരം അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനായി പദ്ധതി തയ്യാറാക്കി എന്യൂമറേറ്റർമാർ സർവേയിലൂടെ കണ്ടെത്തിയ അതിദരിദ്രരുടെ പട്ടിക ഭരണസമിതി അംഗീകരിച്ചിട്ടുള്ളതാണെന്നും ഓരോ ഗുണഭോക്താവിന്റെയും ആവശ്യങ്ങൾ അടങ്ങിയ മൈക്രോ പ്ലാനും അംഗീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട് . വാർഷിക പദ്ധതിയുടെ ഭാഗമായി അതിദരിദ്രരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പദ്ധതികൾ നടപ്പാക്കുന്നുണ്ട് എന്നും ഗുണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് നൽകുന്നതും ഭവന നിർമ്മാണ ആനുകൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് എന്നാൽ അതിനോടൊപ്പം 7.2.2022ലെ തീരുമാനം 11 (1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച അതിദരിദ്രരുടെ ലിസ്റ്റാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മറുപടി അംഗീകരിക്കാവുന്നതല്ല 22-23 സാമ്പത്തിക വർഷം മേൽ പദ്ധതിയുടെ ഭാഗമായി നടത്തിയ ചെലവിന് അതിദരിദ്രരുടെ മൈക്രോപ്ലാനും ആയിട്ടോ അവർക്ക് ആനുകൂല്യം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകളുമായോ യാതൊരു ബന്ധവുമില്ല. പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-24 പാഥേയം പദ്ധതി - അധികം തുക ചെലവഴിക്കുന്നു.

പ്രോജക്ട് നമ്പർ : 153/23 - പാഥേയം

നിർവ്വഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ)

അടങ്കൽ : 200,000 വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് : 200,000 വികസനഫണ്ട് (പൊതുവിഭാഗം)

അഗതികളും 60 വയസ്സിന് മുകളിൽ പ്രായമുള്ളവരും ഒരുനേരത്തെ ആഹാരം പോലും ലഭ്യമാകാത്തവരുമായ വയോജനങ്ങൾക്ക് ഒരുനേരത്തെ പാകം ചെയ്ത ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതി. പദ്ധതി പ്രകാരം 200000/- രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റോ ഗ്രാമപഞ്ചായത്ത് വിഹിതം കൃത്യതപ്പെടുത്തുന്ന ജില്ലാപഞ്ചായത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ ഹാജരാക്കിയ പദ്ധതിയുടെ ചെലവ് രേഖകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ 26 ഗുണഭോക്താക്കളാണുള്ളത്. മേൽ ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് നൽകേണ്ട നിശ്ചിത നിരക്ക് പ്രകാരം (ഒരാൾക്ക് 16/- രൂപ) കണക്കാക്കുമ്പോൾ അധികതുക നല്കിയതായി കാണുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | നല്കാവുന്ന തുക | നല്കിയ തുക | അധികമായി നല്കിയ തുക |
|---|---|---|---|
| 26 | 151424 | 200000 | 48576 |

അധികതുക പദ്ധതി പ്രകാരം വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (22/ 30.11.2023) ലഭ്യമാക്കിയ മറുപടി പ്രകാരം ഭരണസമിതിയുടെ 18.11.2018ലെ തീരുമാനപ്രകാരം 37 ഗുണഭോക്താക്കളുടെ പട്ടികയാണ് ലഭ്യമാക്കിയിരുന്നതെന്നും ഗുണഭോക്താക്കൾക്ക് ആവശ്യമായി വരുന്ന രണ്ടുലക്ഷം രൂപയാണ് വകയിരുത്തിയതും ചെലവഴിച്ചിട്ടുള്ളതും എന്നാണ് അറിയിച്ചിരിക്കുന്നത് . ഗുണഭോക്തൃ പട്ടികയിൽ നിന്നും മരണം സംഭവിച്ചവരെയും അഭയകേന്ദ്രത്തിൽ മാറ്റിപാർപ്പിച്ചവരെയും ഒഴിവാക്കി നിലവിൽ 26

ഗുണഭോക്താക്കളെയാണ് 8.2.23 സമിതി യോഗം അംഗീകരിച്ചിട്ടുള്ളത് . അതത് വർഷം തന്നെ പട്ടിക പുനപരിശോധിച്ച് നിലവിലുള്ള ഗുണഭോക്താക്കളെ മാത്രം ഉൾപ്പെടുത്തി പാഥേയം പദ്ധതിക്കുള്ള ഗുണഭോക്താക്കളെ നിജപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിവിഹിതം വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-25 ഹരിത കർമ്മ സേന – രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുവാനാണ് ഹരിതകർമ്മ സേന രൂപീകരിച്ചിരിക്കുന്നത്. ഹരിതകർമ്മ സേനയുടെ രജിസ്റ്ററുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) വീട്/സ്ഥാപന കെട്ടിട നമ്പർ, ഏത് മാസത്തെ യൂസർ ഫീസ് ആണ് കളക്ട് ചെയ്യുന്നത് എന്നീ വിവരങ്ങൾ കൃത്യമായി രസീതിൽ രേഖപ്പെടുത്തിയിട്ടില്ല.

2)രസീതുകളിലൊന്നിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)രസീത് ബുക്കുകൾക്ക് ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

4) ഹരിതകർമ്മ സേന കൺസോർഷ്യം സെക്രട്ടറി ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

5)കളക്ഷൻ രജിസ്റ്ററും ക്യാഷ് ബുക്കും പരിപാലിക്കാത്തതിനാൽ കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ഒടുക്കുന്ന തുകയുടെയും അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന തുകയുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (38/02.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ രസീത് ബുക്ക് വഴിയും ശേഖരിച്ച തുക കളക്ഷൻ രജിസ്റ്ററിലും ക്യാഷ് ബുക്കിലും രേഖപ്പെടുത്തേണ്ടതും കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് ഒടുക്കുന്ന തുകയുടെയും അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന തുകയുടെയും കൃത്യത നിർവഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-26 ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല – 269307/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ,പേര്-ഹരിതകേരളം - ഹരിതകർമ്മസേന പ്രവർത്തനം (154/23)
അടങ്കൽ തുക-32500 /-(വികസന ഫണ്ട് ജനറൽ)
ചെലവ് തുക-312299/-
നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ (ബി. സർക്കിൾ)
മേൽ പദ്ധതിയുടെ ഭാഗമായി താഴെ ചേർക്കുന്ന ചെലവുകൾക്ക് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ബിൽ നം. തീയതി | ബിൽ തുക | ചെലവിന്റെ വിവരങ്ങൾ | തടസ്സപ്പെടുത്തുന്ന തുക |
|---|---|---|---|
| 39/16.08.22 | 3516 | 5000 രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമല്ല | 3516 |
| 79/20.10.22 | 27532 | A) 5000 രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമല്ല<br>B)M/s Hirosh Roadways ന് നല്കിയ 6500/- രൂപയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിലുള്ളത്. ചെലവിന്റെ ആധികാരികത, അനുബന്ധരേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. | 27532 |
| 123/25.11.22 | 146744 | A)M/s Hirosh Roadways ന് നല്കിയ 6800/- രൂപയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിലുള്ളത്. ചെലവിന്റെ ആധികാരികത, അനുബന്ധരേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>B)Accademy For Mountaineering And Adventure Sports എന്ന സ്ഥാപനത്തിന് April 2022 മുതൽ October2022 വരെയുള്ള മാസങ്ങളിലെ കൺസൾട്ടൻസി ഫീസ് (19,992/- Per Month) നല്കിയിട്ടുണ്ടെങ്കിലും April 2022 മുതൽ September 2022 വരെയുള്ള മാസങ്ങളിൽ അമാസ് ഗ്രാമപഞ്ചായത്തിൽ ചെയ്ത | 126744 (19992*6+6800) |

| | | | |
|---|---|---|---|
| | | പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് ബില്ലിനൊപ്പം ഹാജരാക്കിയിട്ടില്ല | |
| 512/15.02.23 | 10451 | 100 രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമല്ല (7451/-) | 7451 |
| 529/22.02.23 | 19992 | Accademy For Mountaineering And Adventure Sports എന്ന സ്ഥാപനത്തിന് March 2023മാസത്തെ കൺസൾട്ടൻസി ഫീസ് (19,992/-) നല്കിയിട്ടുണ്ടെങ്കിലും ജനുവരി 2023 മാസത്തെ റിപ്പോർട്ടാണ് ബില്ലിനൊപ്പം ഹാജരാക്കിയിരിക്കുന്നത് | 19992 |
| 570/04.03.23 | 6320 | ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകുന്നതിനായുള്ള കോട്ടും സ്യൂട്ടും വാങ്ങിയതിനായി നല്കിയതാണ്.എന്നാൽ സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. | 6320 |
| 611/16.03.23 | 20877 | 885/- രൂപയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. | 885 |
| 722/27.03.23 | 2891 | വാങ്ങിയ Fire Extinguisher സ്റ്റോക്കിലെടുത്തതിന്റെയും MCF ൽ സ്ഥാപിച്ചതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. | 2891 |
| 234/20.1.23 | 39,984 | ബിൽ/ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 39,984 |
| 517/16.2.23 | 4000 | | 4000 |
| 650/20.3.23 | 8000 | | 8000 |
| 723/27.3.23 | 19992 | | 19992 |
| 736/28.3.23 | 2000 | | 2000 |
| | | **ആകെ** | **269307** |

ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ 269307/- രൂപ തടസ്സപ്പെടുത്തുന്നു.

രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 സ്ത്രീ പദവി പഠനം പെണ്ണടയാളങ്ങൾ - തുടർ പ്രവർത്തനവിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം. | 55/2022-23 |
| പേര് | സ്ത്രീ പദവി പഠനം - പെണ്ണടയാളങ്ങൾ |
| അടങ്കൽ | രൂ.14755/-(വികസനഫണ്ട്-പൊ.വി) |
| ചെലവ് | 14755/- രൂപ |
| ബിൽ നം. | 219/2022-23 Dtd 13.01.2023, രൂപ 3935/-<br>536/2022-23 Dtd 23.02.2023 രൂപ 10820/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതിയുടെ ഭാഗമായി സ്ത്രീകളുടെ അവസ്ഥാ പഠനവുമായി ബന്ധപ്പെട്ട് വാർഡുകളിൽ സർവ്വേ നടത്തി ഡാറ്റാ ശേഖരണം നടത്തുന്നതിനായി ശ്രീമതി ഷീബ ഒ.പി. ശ്രീമതി ദീപകുമാരി എസ് എന്നിവരെ നിയമിച്ച് 31.10.2022 (നം.5/1) ലെ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇവർക്ക് വീടൊന്നിന് പത്തു രൂപ നിരക്കിൽ വിവരശേഖരണത്തിന് പ്രതിഫലവും നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ, പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ സ്ത്രീകളുടെ

നിലവിലെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ അവസ്ഥ സംബന്ധിച്ച, വിവര ശേഖരണ ഷീറ്റുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്.വിവര ശേഖരണത്തിന് തുടർച്ചയായുള്ള പ്രവർത്തനങ്ങളായ വിവരങ്ങളുടെ ക്രോഡീകരണം, പഠന റിപ്പോർട്ട് തയ്യാറാക്കൽ നടപടികൾ എന്നിവയുടെ സ്ഥിതി വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ - 23/2022-23 തീയതി : 30.11.2023 ) ക്ക് പഠന വിവരങ്ങൾ ശേഖരിക്കുന്നതിനായി ജില്ലാ തലത്തിൽ ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ചിരുന്നതായും ആ സോഫ്റ്റ് വെയർ മുഖാന്തിരം ശേഖരിച്ച ഡാറ്റാ ജില്ലാ തലത്തിൽ വിശകലനം ചെയ്ത് ക്രോഡീകരിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നതെന്നും ജില്ലാ തലത്തിൽ ക്രോഡീകരിച്ച ഡാറ്റാ വിശകലനം ചെയ്തതിനുശേഷം റിപ്പോർട്ടായി ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എത്രയും വേഗം റിപ്പോർട്ട് ലഭ്യമാക്കി, റിപ്പോർട്ടിലെ വിവരങ്ങൾ ആസ്പദമാക്കി, ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ അവസ്ഥ മെച്ചപ്പെടുത്തുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. എങ്കിൽ മാത്രമേ വിവര ശേഖരണത്തിന് പദ്ധതി പണം ചെലവിട്ടതുകൊണ്ട് ഫലമുണ്ടാവുകയുള്ളുവെന്നതിനാൽ ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിലുള്ള തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ചെലവ് രേഖകൾ ഹാജരാക്കിയില്ല -345489 രൂപ തടസ്സപ്പെടുത്തുന്നു.

2022-23 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ ചെലവ് രേഖകൾ ഹാജരാക്കാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടുകളുടെ വിവരം |
|---|---|
| 1 | പ്രോജക്ടിന്റെ പേര്- വ്ലാവെട്ടി ഗവ.ടബെൽ എൽപി.എസ് ദൈനദിന ചെലവുകൾ |
| | പ്രോജക്ട് നമ്പർ-S0111/23 |
| | അടങ്കൽ തുക-150000/- |
| | ചെലവ് തുക-150000/- |
| | ബിൽ നം./തീയതി- 663/21.03.2023, തുക - 117515/- രൂപ<br>682/23.03.2023, തുക – 32485/- രൂപ |
| 2 | പ്രോജക്ടിന്റെ പേര്-ഗോത്രസാരഥി |
| | പ്രോജക്ട് നമ്പർ-S0115/23 |
| | അടങ്കൽ തുക- 293000 |
| | ചെലവ് തുക-195489 |
| | ബിൽ നം. - 9/23 തീയതി. 16.03.2023, തുക - 44707/- രൂപ<br>15/23 തീയതി. 29.03.2023, തുക - 9793/- രൂപ<br>14/23 തീയതി. 29.03.2023, തുക - 45980/- രൂപ<br>16/23 തീയതി. 29.03.2023, തുക - 67489/- രൂപ<br>17/23 തീയതി. 31.03.2023, തുക - 27526/- രൂപ |

മേൽ പ്രോജക്ടുകളുടെ ചെലവ് രേഖകൾ 01.12.23 2pm ന് മുൻപ് ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വസിഷൻ നല്കിയിരുന്നു. പ്രോജക്ട് രേഖകൾ കൂട്ടം തെറ്റിയിരുന്നതിനാലും ഒഴിവാക്കാനാവാത്ത ഔദ്യോഗിക പരിപാടികൾ ഉള്ളതിനാലുമാണ് രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതെന്നും ആയത് എത്രയും വേഗം സമർപ്പിക്കുന്നതാണെന്നും മറുപടി നല്കി. രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ആർദ്രം അമൃതം-അർബുദ രോഗ നിർണ്ണയ പദ്ധതി 20000/- രൂപ തടസ്സപ്പെടുത്തുന്നു.

| |
|---|
| പ്രോജക്ടിന്റെ പേര്- ആർദ്രം-അമൃതം-അർബുദ രോഗനിർണ്ണയ പദ്ധതി |
| പ്രോജക്ട് നമ്പർ-S0146/23 |
| അടങ്കൽ തുക- 20000 |
| ചെലവ് തുക-20000(Bill No.36/23,dtd.3.2.23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

ആർദ്രം അമൃതം-അർബുദ രോഗ നിർണ്ണയ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, Trivandrum Surgical & Labs നിന്നും ചെലവു തുകയായ 20000/- രൂപയ്ക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഗ്രാമ പഞ്ചായത്തിലെ പൊതുജനങ്ങളെ ഉൾപ്പെടുത്തി രോഗനിർണ്ണയത്തിനായിട്ടാണ് വിഭാവനം ചെയ്തത്. പദ്ധതി വിഭാവനം

ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ, രോഗനിർണ്ണയ ക്യാമ്പിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല. പ്രസ്തുത പദ്ധതിയ്ക്കായി രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ, പരിശോധനയ്ക്കായി ഹാജരായവരുടെ വിവരങ്ങൾ, എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 24/23 തീയതി 01.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ 20000/- രൂപ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരങ്ങൾ/രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 തദ്ദേശഭരണ സ്ഥാപനതല കായിക പരിശീലനം-ചെലവ് തുക-120000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്- തദ്ദേശഭരണസ്ഥാപനതല കായിക പരിശീലനം

പ്രോജക്റ്റ് നമ്പർ-SO108/23

അടങ്കൽ തുക-120000

ചെലവ് തുക-120000 (Bill No.7/23 Dtd.20.2.23, Bill No.13/23 Dtd.27.3.23)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

**പദ്ധതി വിഭാവനം**

യുവജന ക്ലബ്ബുകളിൽ നിന്നും വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി എന്നീ ഗെയിമുകളുടെ ടീം രൂപീകരിച്ച് സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിച്ച് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ടീമുകളിൽ നിന്നും ഏറ്റവും നല്ല കളിക്കാരെ ഉൾപ്പെടുത്തി ടീം രൂപീകരിക്കുന്നതിനും വേണ്ടി തയ്യാറാക്കിയ പദ്ധതി.

പദ്ധതിയുടെ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

**1.** പതിന്നാലാം പഞ്ചവൽസരപദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖ.7.7.1(3)അനുസരിച്ച്, (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.5.2022 -ലെ സ.ഉ.(കൈ)നം.115/2022/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള യുവജന ക്ലബ്ബുകളിൽ നിന്നു ടീം രൂപീകരിച്ച് ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതും, ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ടീമുകളിൽ നിന്നും ഏറ്റവും നല്ല കളിക്കാരെ ഉൾപ്പെടുത്തി ടീം രൂപീകരിക്കുന്നതിനുമാണ് നിർദ്ദേശിച്ചിരിക്കുന്നതെങ്കിലും ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തി ടീം രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

**2.** സെലക്ഷൻ ട്രയിൽസിൽ എത്ര ടീമുകൾ/ക്ലബ്ബുകൾ പങ്കെടുത്തിട്ടുണ്ട് എന്ന് രേഖകളിൽ കാണുന്നില്ല.

**3.** പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം എല്ലാ ടീമുകളിൽ നിന്നും മികച്ച കളിക്കാരെ പഞ്ചായത്ത്തലത്തിൽ ടീം രൂപീകരിക്കണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ആയത്പ്രകാരം രൂപീകരിച്ച ടീം കളിക്കാരുടെ/ വിവരങ്ങൾ എന്നിവ പ്രോജക്ട് ഫയലിൽ ലഭ്യമല്ല.

**4.** പതിന്നാലാം പഞ്ചവൽസരപദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ ഖ.7.7.1(3)അനുസരിച്ച്, (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.5.2022 -ലെ സ.ഉ.(കൈ)നം.115/2022/LSGD പദ്ധതി മാർഗ്ഗരേഖ പ്രകാരം തിരഞ്ഞെടുത്ത ടീമിനെ ഒരു മാസം പരിശീലനവും സർട്ടിഫിക്കറ്റും നല്കണമെന്ന് പറയുന്നുണ്ട്. എന്നാൽ പരിശീലനം നല്കിയ വിവരങ്ങൾ ഫയലിൽ കാണുന്നില്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി/വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 27/23 തീയതി 01.12.23 ന്റെ മറുപടിയിൽ, മേൽ ഖണ്ഡികയിൽ (ക്രമ നം.1 മുതൽ 5) ആവശ്യപ്പെട്ട വിവരങ്ങൾ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിരിക്കുന്നു.പരാമർശിത രേഖകൾ ഹാജരാക്കുന്ന വരെ ചെലവ് തുകയായ 120000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ/വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസാഹായം- മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല- 72000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്- ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസാഹായം-ജില്ലാ പഞ്ചായത്തിന്-തുക കൈമാറൽ

പ്രോജക്റ്റ് നമ്പർ-SO202/23

അടങ്കൽ തുക-72000

ചെലവ് തുക-72000 (Bill No.716/23, Dtd.25.3.23)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ധനസാഹായം-ജില്ലാ പഞ്ചായത്തിന് തുക നല്കൽ എന്ന പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ സ.ഉ.(കൈ)നം.115/2022/തസ്വഭവ തിയതി 28/5/2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ 7.6.7പ്രകാരം വരുമാനപരിധിയ്ക്ക് വിധേയമായി വൃക്കരോഗികൾക്ക് ഡയാലിസ് നടത്തുന്നതിന് ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/- രൂപ ബന്ധപ്പെട്ട ആശുപത്രിയ്ക്ക്

നൽകുന്നതിനും,പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതായും ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി നടപ്പിലാക്കുന്നതിനാണ് നിഷ്കർഷിച്ചിരിക്കുന്നത്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.മാർഗ്ഗരേഖ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മുഖേന പദ്ധതി നടപ്പിലാക്കാതെ ജില്ലാ പഞ്ചായത്തിന് വിഹിതം നല്കി.

2.പദ്ധതിയ്ക്കായി(SO202/23) ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല.

3.ജനറൽ കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമല്ല.

4.ഗുണഭോക്താക്കൾ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5.സർക്കാർ ഉത്തരവ് നം.84/2022/തസ്വഭവ തീ.19.4.2022 ഖ.3.5.3,4,5 എന്നിവ പ്രകാരം പങ്കാളികളാകുന്ന തദ്ദേശസ്ഥാപനങ്ങൾ വിഹിതം വകയിരുത്തി പ്രോജക്ട് തയ്യാറാക്കുന്നതിനും, പ്രോജക്ടിന്റെ മുഖ്യ പങ്കാളിയാകുന്ന ഗ്രാമപഞ്ചായത്താണ് വിശദമായ പ്രോജക്ട് തയ്യാറാക്കേണ്ടതെന്നും, പങ്കാളികളാകുന്ന തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം/മറുപടി ആരാഞ്ഞ് നല്കിയ എൻക്വയറി നമ്പർ 25/01.12.2023 ന് മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗ രേഖ നിർദ്ദേശം പാലിക്കാത്തതിനാൽ ചെലവ് തുകയായ 72000/-രൂപ തടസ്സപ്പെടുത്തുന്നു. പരാമർശിതരേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-32 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-764005രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടവാക്കിയതുക (ബിൽ നമ്പർ ) | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | എസ്.എസ്.കെ വിഹിതം നല്കൽ (SO106/23) | 200,000/- Bill No.4/23 Dtd 25.8.22 | ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ |
| 2 | ജില്ലാ ആസൂത്രണ സമിതി കെട്ടിടത്തിന് തുക കൈമാറൽ വിഹിതം (S0164/23) | 3,50,000/- Bill No.8/23 Dtd 24.11.22 | മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി |
| 3 | IKM വിഹിതം നല്കൽ (SO104/23) | 73705/- Bill No.5/23 Dtd 25.8.22 | ഡയറക്ടർ, ഐ.കെ.എം |
| 4 | പൈപ്പ് ലൈൻ നീട്ടൽ (S0158/23) | 140300/- XVFC/2022/23/P/5 Dtd 19.12.22 | KWA |

മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 26/01.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പദ്ധതികളുടെ ചെലവ് തുകയായ 7,64,005/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല.

മരാമത്ത് പ്രവൃത്തികൾ കരാറെടുത്ത കോൺട്രാക്ടർമാർ പണി നടത്താതിരുന്ന സംഗതികളിൽ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. മൂന്ന് വർഷങ്ങൾക്ക് മുമ്പ് എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ പോലും പൂർത്തിയാക്കാൻ അവശേഷിക്കുന്നതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. പൂർത്തിയാക്കാൻ അവശേഷിക്കുന്ന പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ. നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | കരാറുകാരന്റെ പേര്, എഗ്രിമെന്റ് നം., തീയതി |
|---|---|---|---|---|
| 1 | 46/22 | ആഴാംകൽ മുണ്ടവൻ കുന്ന് റോഡ് റീ ടാറിംഗ് | 300,000 | ശ്രീ.ആർ.വിജയകമാർ 17/AE/LSGD/KKD/2021-22 Dtd 2.12.21 |

| | | | | |
|---|---|---|---|---|
| 2 | 50/22 | നാരകത്തിൻകുഴി ക്ഷേത്രനട റോഡ് റീ ടാറിംഗ് | 700000 | ശ്രീ.രഞ്ചുലാൽ .എസ്<br>24/AE/LSGD/KKD/2021-22 Dtd 3.12.21 |
| 3 | 87/22 | കാരിപ്പാറ വിയ്യക്കോണം റോഡ് പാർശ്വഭിത്തി നിർമ്മാണം | 650000 | ശ്രീ.രഞ്ചുലാൽ .എസ്<br>29/AE/LSGD/KKD/2021-22 Dtd 3.12.21 |
| 4 | 137/22 | കാരിപ്പാറ വിയ്യക്കോണം റോഡ് മെയിന്റനൻസ് | 313893 | ശ്രീ.എ.കൃഷ്ണൻകുട്ടി<br>50/AE/LSGD/KKD/2021-22 Dtd 15.10.21 |

മേൽ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുകയോ കരാർ പൂതുക്കുകയോ ചെയ്യാത്തതിനാലും 2022-23-ലെ ബഡ്ജറ്റ് വിഹിതം വെട്ടികുറച്ച് ടി പ്രവർത്തികൾ സ്പിൽ ഓവർ പ്രവർത്തിയായി തുടരേണ്ടതില്ല എന്ന കമ്മിറ്റി തീരുമാനം (02.06.22 സാധാരണ യോഗം നമ്പർ 2(1)) പ്രകാരം വാർഷിക പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതായും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കരാറുകാർ പണി നടത്താത്തതിനാലാണ് പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽനിന്നും ഒഴിവാക്കേണ്ടതായി വന്നിട്ടുള്ളതെങ്കിൽ സെക്യൂരിറ്റി/അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി തുകകൾ കണ്ട് കെട്ടുന്നതുൾപ്പടെ, കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ കരാറുകാർക്കെതിരെ അസി.എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-34 പദ്ധതി നടത്തിപ്പിലെ അപാകതകൾ -23700/- രൂപ തടസ്സപ്പെടുത്തുന്നു.

**1.** പ്രോജക്ടിന്റെ പേര്-സാക്ഷരതാ തുടർപ്രവർത്തനം

പ്രോജക്ട് നമ്പർ-SO112/23

അടങ്കൽ തുക-25000/- (വികസന ഫണ്ട്)

ചെലവ് തുക-23700/- (Bill No.2/23 Dtd.5.1.23,Bill No.3/23 Dtd.5.1.23) (വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ

പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- പഠിതാക്കൾക്കായി ക്ലാസ്സുകൾ നടത്തിയതിന്റെ ഹാജർ വിവരങ്ങൾ ലഭ്യമല്ല.
- പ്ലസ്സ് തുല്യത പരീക്ഷയ്ക്കായും പത്താംതരം പരീക്ഷയ്ക്കായും ആനുകൂല്യം ലഭ്യമായ പഠിതാക്കളിൽ പഠിതാക്കളുടെ ഹാൾടിക്കറ്റ്, പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമല്ല.
- സാക്ഷരതാമിഷൻ സമിതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.
- മേൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റി പരീക്ഷ വിജയിച്ചവരുടെ പേരുവിവരങ്ങൾ, സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല.

**2.** പ്രോജക്ടിന്റെ പേര്- എസ്.സി കുട്ടികൾക്ക് മേശയും കസേരയും

പ്രോജക്ട് നമ്പർ- SO196/23

അടങ്കൽ തുക-140000/- (വികസന ഫണ്ട്, എസ്.സി.പി)

ചെലവ് തുക-139164/- (Bill No.5/23 Dtd.16.2.23,Bill No.6/23 Dtd.16.2.23)

നിർവ്വഹണോദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ

പ്രസ്തുത പദ്ധതി പ്രകാരം 28 എസ്.സ്സി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും മുന്പ് നല്കിയിട്ടില്ല എന്ന തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമല്ല.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 27/02.12.2023 ന് രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 പദ്ധതി ലക്ഷ്യം കൈവരിച്ചില്ല – 496611രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്-തുമ്പൂർമൂഴി എയറോബിക്ക് കംപോസ്റ്റിംഗ് യൂണിറ്റ് - കള്ളിക്കാട് മാർക്കറ്റ്

പ്രോജക്ട് നമ്പർ- 28/23 (Spillover-SO168/22)

അടങ്കൽ തുക-533000/- (ധനകാര്യ കമ്മിഷൻ അവാർഡ്)


ചെലവ് തുക-496611/- (Bill No.14/23 Dtd.28.6.22)

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

വീടുകളിലേയും വഴിയോരങ്ങളിലേയും ടൗണുകളിലേയും മാലിന്യം വൃത്തികേടാവിനും ഈച്ച, കൊതുക് എന്നിവയുടെ വളർച്ചയ്ക്കും പകർച്ചപ്പനി വ്യാപനത്തിനും മറ്റും കാരണമാകുന്നു. മാലിന്യം സംസ്കരിച്ച് മേന്മയേറിയ ജൈവവളമാക്കി പച്ചക്കറി-ഫല വൃക്ഷകൃഷികൾക്കുപയോഗിച്ച് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കാം എന്ന ലക്ഷ്യത്തോടെയാണ് തുമ്പൂർമൂഴി എയിറോബിക് കമ്പോസ്റ്റിങ്ങ് മാർക്കറ്റിൽ സ്ഥാപിച്ചിരിക്കുന്നത്. 02/12/2023 ന് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത തമ്പൂർമൂഴി എയറോബിക്ക് കംപോസ്റ്റിംഗ് യൂണിറ്റ് സന്ദർശിച്ചു. കമ്പോസ്റ്റിങ്ങ് ബിൻ പ്രവർത്തനക്ഷമമാക്കാതെ ബിൻ ഉൾപ്പെട്ട കെട്ടിടത്തിൽ ഹരിതകർമ്മസേന ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. മാലിന്യ സംസ്കരണമെന്ന ഉദ്ദേശലക്ഷ്യത്തോടെ ആവിഷ്കരച്ച പ്രസ്തുത പദ്ധതി പ്രവർത്തന ക്ഷമമാക്കി മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.







## 1-36 കന്നുകുട്ടി പരിപാലനം പദ്ധതി - 21-22 ലെ 39383/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതിക്കായി 2022-23 വർഷം 987500/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. SLBP പദ്ധതിയിൽ ചേർത്തിട്ടുള്ള നാല് മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടികൾക്ക് സബ്സിഡി തുകയായി 12500/- രൂപ തീരുന്നതുവരെ അല്ലെങ്കിൽ പ്രായം 30 മാസം വരെ ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ 50% വിലയിൽ തീറ്റ ഓരോ മാസവും തിരഞ്ഞെടുത്തിട്ടുള്ള ക്ഷീരസംഘം വഴി നൽകുന്നതിനാണ് തുക ചെലവഴിക്കുന്നത്. SLBP ഡെപ്യൂട്ടി

ഡയറക്ടറുടെ 20.11.2023 ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 519447/-രൂപ വിനിയോഗിച്ചതായും 468053/-രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായും പദ്ധതി നിലവിലും തുടരുന്നതായും അറിയിച്ചിരിക്കുന്നു. കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി മുൻവർഷങ്ങളിൽ നല്കിയ തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (39/ 02.12.2023) ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Financial Year | Fund Received From Local Body | Subsidy Allotted By Animal Husbandary Dept | Total Subsidy Alotted | Total Subsidy Utilised | Unspent Balance | Remarks |
|---|---|---|---|---|---|---|
| 2021-22 | 625000 | 625000 | 1250000 | 1210617 | 39383 | Scheme Was Completed On 14.07.2023 |

കൃത്യമായ മോണിറ്ററിംഗ് ഇല്ലാതിരിക്കുന്നതിനാലാണ് SLBP ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിൽ തുക നിഷ്ക്രിയമായി കിടക്കുന്നത്. 2022-23 വർഷം ആരംഭിച്ച പുതിയ പ്രോജക്ട് നിലവിൽ നടപ്പാക്കി വരുന്നതിനാൽ മേൽപ്പറഞ്ഞ നീക്കിയിരിപ്പ് തുക തൻവർഷം ഉപയോഗിക്കേണ്ട സാഹചര്യമില്ല. വികസനഫണ്ടിനത്തിലുള്ള (പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാനവശേഷിക്കുന്ന) തുക തിരിച്ചടക്കുന്നതിനോ തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകളുടെ വിവരം

**സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം - (സുലേഖ ചെലവ് പത്രിക പ്രകാരം)**

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി -ജനറൽ | 520000 |
| | വിശപ്പ് രഹിത കേരളം | 0 |
| | സ്നേഹസ്പർശം | 255000 |
| | അനുപൂരക പോഷകാഹാരം- എസ്.സി.പി | 100000 |
| | അനുപൂരക പോഷകാഹാരം- ടി. എസ്.പി | 175000 |
| | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം | 200000 |
| | ഗോത്രസാരഥി | 82020 |
| | ലൈഫ് ഭവന പദ്ധതി -പട്ടികജാതി | 80000 |
| | ലൈഫ് ഭവന പദ്ധതി -പട്ടിക വർഗ്ഗം | 0 |
| | ലൈഫ് ഭവന പദ്ധതി -ജനറൽ | 1000000 |
| | ക്ഷീരസമൃദ്ധി | 400000 |
| | **ആകെ** | **2812020** |
| ജില്ല | ഹരിത ഭവനം | 28000 |

| | | |
|---|---|---|
| പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി -ജനറൽ | 0 |
| | വിശപ്പ് രഹിത കേരളം | 0 |
| | സ്നേഹസ്പർശം | 255000 |
| | ലൈഫ് ഭവന പദ്ധതി -പട്ടികജാതി | 0 |
| | ലൈഫ് ഭവന പദ്ധതി -പട്ടിക വർഗ്ഗം | 0 |
| | ലൈഫ് ഭവന പദ്ധതി -ജനറൽ | 0 |
| | ക്ഷീരസമൃദ്ധി | 200000 |
| | **ആകെ** | **483000** |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| വിഹിതം നൽകിയ സ്ഥാപനം | 2021-22 ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2022-23ലെ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 858776 | 2812020 | 3670796 | 2812020 | 846776 |
| ജില്ലാ പഞ്ചായത്ത് | 1167072 | 1017133 | 2184205 | 483000 | 1167072 |

## 4-2 നിക്ഷേപ പ്രവർത്തികൾ

വാർഷിക ധനകാര്യ പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം) | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് RP 49 (R) പ്രകാരം | നീക്കിയിരിപ്പ് | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 6015155 | 140300 (പ്രോ.നം.158/23) | 6155455 | 918070 | 5237385 | 5237385 |

തിരികെ ലഭിച്ച തുക (ചെക്ക് നമ്പർ 726683 തീയതി. 07.06.22) ഏത് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നതെന്നും തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ഏതിനത്തിലാണെന്നും വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/23 തീയതി. 01.12.23) 2015 മുതൽ വിവിധ കുടിവെള്ള പദ്ധതികൾക്കും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾക്കുമായി നൽകിയ ഇനത്തിൽ ബാക്കി വന്ന തുകയാണ് 918070/- രൂപ തിരികെ നൽകിയതെന്നും ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ലെന്നും മറുപടി നൽകി. ജൽ ജീവൻമിഷന്റെ പ്രവർത്തികൾക്കായി ടി തുക മാറ്റി വച്ചിട്ടുള്ളതെന്നും ആയതിന്റെ റിക്വിസിഷൻ ലഭിക്കുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (അക്കൗണ്ട്സ് പ്രകാരം) | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|
| KURDFC | 8346688 | 2380000 | 1198693 | 9527995 |
| രജിസ്റ്റർ പ്രകാരം | 8192001 | 3040000 | 1198693 | 100033308 |

ലോൺ രജിസ്റ്ററിലെ നീക്കിയിരിപ്പും ധനകാര്യ പത്രികയിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/23 തീയതി. 01.12.23) വാർഷിക ധനകാര്യ പത്രികയും ലോൺ രജിസ്റ്ററും ലെഡ്ജർ ഹെഡ് (320400199-Grants, Funds &Contributions For Specific Purposes – Loan From KURDFC), ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 660000/- രൂപ ലോൺ ഹെഡിൽ രസീത് ചെയ്യേണ്ടുന്ന തുക (330500201) ലെഡ്ജർ ഹെഡ് 320400199 ൽ രസീത് ചെയ്തതുകൊണ്ടുള്ള വ്യത്യാസമാണ് ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ ഉള്ളതെന്നും ആയത് ക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകി.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരം

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 8281928 |
| ഓഡിറ്റ് വർഷത്തെ വരവ് | 30827429 |
| ആകെ | 39109357 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 32569439 |
| നീക്കിയിരിപ്പ് | 6539918 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2116870 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായഉദ്യോഗസ്ഥൻ |
|---|---|---|
| | ഇല്ല | |

**സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 2858 | ശ്രീമതി ഷിൻസി. എൻ.ഐ, കൃഷി ഓഫീസർ |
| 1-18 | 2900 | ശ്രീമതി ഷിൻസി. എൻ.ഐ, കൃഷി ഓഫീസർ |
| 1-26 | 269307 | ശ്രീമതി സജീഷ, വി.ഇ.ഒ. |
| 1-28 | 345489 | ശ്രീ.ടി.ഡി ചന്ദ്രകുമാർ ,എച്ച്.എം |
| 1-29 | 20000 | ഡോ.അജോഷ് തമ്പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-30 | 120000 | ശ്രീ. ടി.ഡി. ചന്ദ്രകമാർ, എച്ച്.എം |
| 1-31 | 72000 | ശ്രീമതി മീരാ .എൻ.മേനോൻ, സെക്രട്ടറി |
| 1-32 | 764005 | ശ്രീമതി മീരാ .എൻ.മേനോൻ, സെക്രട്ടറി |
| 1-34 | 23700 | ശ്രീ. ടി.ഡി, ചന്ദ്രകമാർ, എച്ച്.എം |
| 1-35 | 496611 | ശ്രീമതി രമ്യ .എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **2116870രൂപ** | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി ഷിൻസി. എൻ.ഐ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, മൈലക്കര | പേൾ വ്യൂ, തമലം, പൂജപ്പുര |
| 2 | ശ്രീമതി സജീഷ, വി.ഇ.ഒ. | വി.ഇ.ഒ, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് | മാധവം, മൈത്രി നഗർ, വലിയവിള |
| 3 | ശ്രീമതി.മീരാ.എൻ.മേനോൻ, സെക്രട്ടറി | സെക്രട്ടറി, കള്ളിക്കാട് ഗ്രാമപഞ്ചായത്ത് | ശ്രീനിലയം, സ്റ്റുഡിയോറോഡ്, നേമം |
| 4 | ശ്രീ.ടി.ഡി.ചന്ദ്രകുമാർ, എച്ച്.എം | എച്ച്.എം, ഗവ. എൽ.പി.എസ്, തോട്ടമ്പറ | ശ്രുതിലയം, അരുമാളൂർ, കണ്ടല |
| 5 | ഡോ.അജോഷ് തമ്പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ലഭ്യമല്ല | ഫ്ലാറ്റ് നം.2F, കോർഡിയൽ സ്കൈവ്യൂ മേലാറന്നൂർ, തിരുവനന്തപുരം |
| 6 | ശ്രീമതി രമ്യ .എം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഒറ്റശേഖരമംഗലം | അർച്ചന, പൊറ്റയിൽ, പെരുകാവ് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 1 |
| 2007-08 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 2 |
| 2008-09 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 2 |
| 2009-10 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 1 |
| 2010-11 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 7 |
| 2011-12 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 8 |
| 2012-13 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 3 |
| 2013-14 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 2 |
| 2014-15 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 17 |
| 2015-16 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 4 |
| 2016-17 | KSA.TVM.GP.5/596/2022, തീയതി 13.10.2022 | 2 |
| 2017-18 | KSA.TVM.GP.2/165/2019, തീയതി 20.08.2019 | 6 |
| 2018-19 | KSA.TVM.GP.2/2189/2019, തീയതി 11.11.2020 | 12 |
| 2019-20 | KSA.TVM.GP.2/16/2022, തീയതി 02.02.2022 | 36 |
| 2020-21 | KSA.TVM.GP.2/318/2022, തീയതി 11.05.2022 | 48 |
| 2021-22 | KSA.TVM.GP.2/1609/2022, തീയതി 23.12.2022 | ആദ്യ മറുപടി നൽകിയിരിക്കുന്നു. |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്ര)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**തിരുവനന്തപുരം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 31-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kallikkadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kallikkadu Grama Panchayat for the year 2022-2023

**Date: 27/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kallikkadu Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Deficit balance for the institution. Expendture (207220174) exceeds Income (201462669) as per Income & Expenditure Statement..

2.Non disclosure of depreciation of certain assets during 2022-23Â Depreciation for Plant and Machinery is not calculated and included in I(17 a) of Income and Expenditure Schedule. Hence the asset recorded in Balance Sheet is not accurate.

**2.Other Observations**

1. Mandatory Statements are not submitted for Audit eg: The financial ratios, B-1 Shedule (Adjusted performance for the current year) are not submitted with the annual financial statement.

2. Cash flow statement-Net decrease in cash and cash equivalents(-1742010) doesnot match with the net cash generated through operating, financing and investing activities(2933144)

3. The Details of following bank accounts included in ILGMS are not included in Balance Sheet B-17 of the Annual Financial Statement.

Account Number - 110056024707(Canara Bank)

Account Number- 237 ( District Co-Operative Bank)

4. The collection amount recorded in the profession tax register does not match with the amount entered in the annual financial statement. Also balance amount not included in B-15 schedule.

5.The income & Expenditure of old age pension shows a difference of Rs. 1500/-. Due to the non -remittance of to the refunded amount to government.

6. The receipt and payment of Contractor Retention amount as per AFS does not agree with that of the concerned register.

7. The details of the KURDFC loan as per AFS differ from the figures of the concerned loan register. There is a difference of Rs. 154687/- in the opening balance itself which needs to be explained.

8. The amount received from Kerala Water Authority Rs. 918070/- as unspent balance of workdone is kept in Panchayath own fund. Action is to be taken to deduct from liability and remit the same amount to the concerned funds.
9. The valuation of stock and stores are not done at the end of the financial year. The amount incuded in the B-14 Stock in hand (inventories) schedule is zero.
10. Cheque deposited but not cleared An amount of RS. 667,445/- has not been credited into the bank account (State Bank of India Kattakkada - 57037472163 ). Further action has not been taken to clear the amount till date.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്